

സേക്രഡ് ഹാർട്ട് ഗേൾസ് എച്ച് എസ്
തലശ്ശേരി
ഇൻഫിനിറ്റി.....
ലിറ്റിൽ കൈറ്റ്സ് 2018-19



Head Mistress
**Sr. Ressy Alex**

പ്രിയ മക്കളേ,

ആധുനിക കാലത്തെ ഏറ്റവും അത്ഭുതാവഹമായ കുപിടുത്തങ്ങളിലൊന്നായ നിർമ്മിത ബുദ്ധിയുടെ ലോകത്തേക്ക് പ്രവേശിച്ചിരിക്കുന്ന നിങ്ങൾക്കേവർക്കും എന്റെ അഭിനന്ദനങ്ങൾ. കാലഘട്ടത്തിന്റെ അനിവാര്യതയായ കമ്പ്യൂട്ടറുകൾ കടന്നുവന്നിട്ട് ഏകദേശം 50 കൊല്ലക്കാലമേ ആയിട്ടുള്ളൂ. നിർമ്മിത ബുദ്ധിരംഗത്തെ ഓരോ പുതിയ കാൽവെപ്പുകളും മനുഷ്യരാശിക്ക് എന്നും അത്യത്ഭുതങ്ങൾ തന്നെയായിരുന്നു. 50 കൊല്ലം മുൻപുള്ള സാധാരണ മനുഷ്യന്റെ ചിന്താ ലോകത്തു നിന്നും ഇന്നു നമ്മൾ എവിടെ എത്തിനിൽക്കുന്നു. സാങ്കേതിക മികവുകൾകൊ് ഈ ഹൈടെക് ലോകം വളരെ വലിയ അത്ഭുതങ്ങളാണ് സൃഷ്ടിക്കുന്നത്. മനുഷ്യന്റെ വളരെ ചെറിയ ദൈനംദിന കാര്യങ്ങൾ മുതൽ അങ്ങ് ബഹിരാകാശലോകത്ത് അന്യ വസ്തുക്കളെ തേടിയുള്ള പര്യവേഷണങ്ങൾ വരെ ഈ ഹൈടെക് ബുദ്ധി ഉപയോഗപ്പെടുത്തുകയാണ്.

കുഞ്ഞുമക്കളെ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നത് ഒരു പ്രധാന കാര്യമാണ്. നിങ്ങളുടെ കയ്യിലിരിക്കുന്ന പേനകൾ നല്ല കാര്യങ്ങൾക്കും മോശം കാര്യങ്ങൾക്കും ഉപയോഗിക്കാവുന്ന ഒന്നാണ്. നല്ലതെഴുതുവാനും നല്ലത് പ്രചരിപ്പിക്കുവാനും ആ പേന ഉപയോഗിക്കാം അതുപോലെ തിരിച്ചും. നിങ്ങളുടെ മനോഭാവമാണ് അത് എന്തിനുവേി ഉപയോഗിക്കണം എന്നു തീപുമാനിക്കുന്നത്. അതി സാങ്കേതിക വൈദഗ്ദ്ധ്യം നേചിയിരിക്കുന്ന ഈ നിർമ്മിത ബുദ്ധി ഏറ്റവും നല്ല രീതിയിൽ ഉപയോഗിച്ച് സമൂഹത്തിന് ഗുണപ്രദമാകണോ എന്ന് തീരുമാനിക്കുന്നത് നിങ്ങളോരോരുത്തരുമാണ്. മറിച്ചാണെങ്കിൽ അതിന്റെ ദോഷം വിവരാണാതീദമായിരിക്കും. ലിറ്റിൽ കൈറ്റസ് എന്ന ഈ കൂട്ടായാമസമൂഹ നന്മയുക്കുതകുന്ന എല്ലാ ദൗത്യങ്ങളും ഏറ്റെടുത്ത് വിജയിക്കുന്ന മഹാ പ്രസ്ഥാനമായി തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു

# എഡിറ്റോറിയൽ



ബിന്ദു ജോയ്

ഇത് വിവര സാങ്കേതിക വിദ്യയുടെ വിസ്മയ ലോകം. അറിവ് സെർച്ച് എൻജിനുകളിലൂടെ നൊടിയിടയ്ക്കുള്ളിൽ നമ്മുടെ കൈക്കുമ്പിളിൽ എത്തുന്നു.

കടലോ, കരയോ, സ്പേയ്സോ, ഔട്ടർ സ്പേയ്സോ എന്തിനേക്കുറിച്ചും ഏതിനെക്കുറിച്ചും എവിടെനിന്നും എവിടേക്കും ഒരു മൗസ് ക്ലിക്കിന്റെ അകലം മാത്രം.

അതുമല്ലെങ്കിൽ ടച്ച് സ്ക്രീനിലൂടെ ഒന്നു വിരലോടിച്ചാൽ മതി നേർക്കാഴ്ചകളൊരുക്കി ഇതാ ലോകം കൺമുന്നിൽ

ഗൂഗിൾ മാപ്പിങ്ങും നാവിഗേറ്ററുമൊക്കെ ഭുമിയുടെ ഏത് മുക്കിലും മൂലയിലും നമ്മെ കൊണ്ടെത്തിക്കുന്നു.

കാതങ്ങൾക്കപ്പുറത്തുനിന്നും ഭാഷ് – ദേശാന്തര അതിർത്തികളെ ഭേദിച്ച്കൊ് അറിവിന്റെ അഗ്നിജ്വാലയുമായി കടന്നുവന്ന തലശ്ശേരിയുടെ മണ്ണിൽ വിദ്യയുടെ നാളം പകർന്ന അപ്പസ്തോലിക് കാർമൽ സഭ, അവർ സ്ഥാപിച്ച ദീപസ്തംഭം-സേക്രഡ് ഹാർട്ട് സ്കൂൾ

ഇത്തരത്തിൽ ഒരു നൂറ്റാറിന് പിന്നെയുമപ്പുറത്ത് നിന്ന് പെൺകുട്ടികളുടെ ഔന്നത്യത്തെ മുന്നിൽക് അജ്ഞതയുടെ തീരത്തുനിന്നും അറിവിന്റെ ശക്തിയുടെ അന്തസ്സിന്റെ ആത്മാഭിമാനത്തിന്റെ ഒരു ലോകത്തേക്ക് അവളെ കൂട്ടിക്കൊ്പോകാൻ ധീരതകാട്ടിയ ദീർഘവീക്ഷപടുക്കളായ സന്യാസിവര്യർക്ക് മുമ്പിൽ ശിരസ്സു നമിക്കട്ടെ...


സ്കൂൾ തല നിർവ്വാഹക സമിതി
കൺവീനർ
സിസ്റ്റർ റസ്സി അലക്സ്
( ഹെഡ്മിസ്ട്രസ്സ്)
ചെയർമാൻ
പി.എം. ദിനേശൻ
(പി.ടി. എ. പ്രസിഡണ്ട്)
ജോയിന്റ് കൺവീനർ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്
ബിന്ദു ജോയ്
വൈസ് ചെയർമാൻ
ജ്യോതി ജഗദീഷ്
(എംപിടിഎ പ്രസിഡ്)
വൈസ് പ്രസിഡണ്ട്
മുഹമ്മദലി. എൻ.കെ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് (ASST)
ഗായത്രി. ഡി.ഡി
ലിറ്റിൽ കൈറ്റ് ലീഡർ
മീനാക്ഷി. കെ.വി
ഡെപ്യൂട്ടി ലീഡർ
അമയ.കെ
സ്കൂൾ ലീഡർ
ആയിഷ ഹനീൻ ഉസ്മാൻ
ഡെപ്യൂട്ടി ലീഡർ
അഥർവ.പി.ആർ

# സേക്രഡ് ഹാർട്ട് ഗേൾസ് ഹൈ സ്കൂളിന്റെ വിദ്യാഭ്യാസ ദർശനം

- ദൈവവിശ്വാസം
- പരസ്പര സ്നേഹാദരങ്ങൾ
- ആത്മനിയന്ത്രണം
- കഠിനാധ്വാനം
- കൃത്യനിഷ്ഠ
- അച്ചടക്കം
- പ്രകൃതിസ്നേഹം
- സേവനമനോഭാവം
- ലളിത ജീവിതശൈലി
- സഹാനുഭൂതി




ലിറ്റിൽ കൈറ്റ്സ്

## ഉള്ളടക്കം


അണ്ണാരക്കണ്ണനും അടക്കാപ്പക്ഷിയും........8
അമ്മയെന്ന മാലാഖ........10
ബാപ്പുജി ക്കൊരു കത്ത്........12
വീണ്ടുമിതാ ഒരു മഴക്കുടി........16
വാർദ്ധക്യം........18
നൊമ്പരം........20
സത്യസന്ധത........21
രഹസ്യ രാജ്യത്തെ ക്ഷേത്ര വിഗ്രഹം........23
ജാനവമ്മയും കൂട്ടുകാരും........26
പ്രാണന്റെ വിശപ്പ്........27
അമ്മ........28
ഭൂമിതൻ കണ്ണിർ........30
ലഹരിക്കടത്തിന് അറുതിവരുത്തണം........32
സ്കൂളിന്റെ വേറിട്ട പ്രവർത്തനങ്ങൾ........35
ജയവും പരാജയവും........36
മാറുന്ന പരിസ്ഥിതിയും മാറ്റേണ്ടുന്ന മനോഭാവവും........38
........38
കൂട്ടായ്മ കാലിക പ്രസക്തി........40
നല്ല വായനയുടെ ഉത്തമമായ പ്രതീകം........42
ദൈവത്തിൻെറ സ്വന്തം നാട്........43
പരിസ്ഥിതി സംരക്ഷണം മനുഷ്യസംരക്ഷണത്തിന്........45
മാതൃഭാഷാപഠനത്തിന്റെ ആവശ്യകത........48
ഉദിച്ചുയരട്ടെയെൻ മലയാളം........51
ഉദ്ധരണികൾ........55
ഓസ്കർ വിശേഷങ്ങൾ........59
കുസൃതി ചോദ്യങ്ങൾ........62
ചിത്രശാല........66

## അണ്ണാരക്കണ്ണനും അടക്കാപക്ഷിയും



പകൽ ഏറെ വൈകിയിട്ടും അണ്ണാരക്കണ്ണനെ കാണാനായില്ല.അടക്കാപ്പക്ഷിചുറ്റുപ്പാടും നോക്കി ഒച്ചവെച്ചു . ദൂരെ കണ്ണെറിഞ്ഞപ്പോൾ കണ്ണൻ ഒരു കല്ലിൽ കയറി ഇരിക്കുന്നത് കണ്ടു പക്ഷി വേഗം പറന്ന് അവന്റെ അടുത്തെത്തി ദുഃഖിതനായ അണ്ണാറക്കണ്ണനെ നോക്കി പക്ഷി ചോദിച്ചു, എന്താ കണ്ണാ നിനക്കിത്ര മൗനം? സാധാരണ നീയെന്നെ വിലിക്കാറുള്ളത് , എന്തുപറ്റി നിനക്ക്? എനിക്ക് ഭക്ഷണം തന്നുകൊണ്ടിരുന്ന പ്ലാവ് , പേര തുടങ്ങിയ മരമെല്ലാം മനുഷ്യൻ മുറിച്ചുമാറ്റിയിരിക്കുന്നു., ഒടുവിൽ ഇതാ മാമ്പഴം തന്നുകൊണ്ടിരുന്ന എന്റെ മാവും തൊണ്ട ഇടറി കണ്ണൻ തുടർന്നു.ഭക്ഷണം കിട്ടാതെ അലഞ്ഞ ഞാൻ അവശനായി എന്റെ കൂടയണാൻ നേരം അവിടെ എനിക്കെന്റെ കൂട്ടും നഷ്ടമായിരുന്നു. ഞാൻ കയറികിടന്നിരുന്ന വീടിന്റെ മച്ച് കുത്തിവാർത്തിരിക്കുന്നു. എനിക്ക് കൂട് കെട്ടാനും സ്ഥലമില്ലാതായിരിക്കുന്നു. എന്റെ വംശം നാശത്തിന്റെ വക്കിലാണ് അതേ കണ്ണാ ഇങ്ങനെ പോയാൽ സ്വാർത്ഥരായ മനുഷ്യർ നമ്മളെയൊന്നും ഭൂമിയിൽ ജീവിക്കാനനുവദിക്കില്ല. പക്ഷി പറഞ്ഞു , ഇത് പറഞ്ഞ് തീരുമ്പോഴേക്കും മാനം കറുത്തു, ഇടിവെട്ടി , മിന്നൽ പിണരുകൾ പാഞ്ഞു . മഴ പെയ്തു. അണ്ണാറക്കണ്ണനും അടയ്ക്കാപക്ഷിയും തൊട്ടൊരുമി നിന്നു . പെട്ടെന്ന് കാറ്റ് ആഞ്ഞടിച്ചുവീശി . യന്ത്രം മണ്ണുമാന്തിയ തെങ്ങിൻചുവട് കടപുഴകി അവരുടെ മീതെ പതിച്ചു. അങ്ങനെ നിത്യവും കാണുന്ന അടക്കാപക്ഷിയും അണ്ണാറക്കണ്ണനും വരാതായി . ആ കരുത്ത ഓർമ്മയിലൊഴുകി തീരുമ്പോഴേക്കുപം വീടിന്റെ ഉമ്മറചെരുവിൽ ചാരിയിരുന്ന മരുതിയുടെ കണ്ണുകൽ നിറഞ്ഞു. അനന്തതയിലേക്ക് നോക്കിയപ്പോൾ സൂര്യൻ പടിഞ്ഞാറോട്ടേക്ക് അടുക്കുന്നു. പെട്ടെന്ന് ഒരു ശബ്ദം കേട്ടു . ഓടിച്ചെന്ന് നോക്കിയപ്പോൾ വാഴ തണ്ടിൻമുകളിൽ ഒരു ചെറിയ അടയ്ക്കാപക്ഷി നിൽക്കുന്നു. സ്നേഹത്തോടെ അതിനെ തലോടിയപ്പോൾ അനുസരണ ഉള്ള കുട്ടിയായ്

തിരിച്ചും കൊക്കുകൾകൊണ്ട് മരുതിയുടെ കൈത്തണ്ടയിൽ വരയിട്ടു.മരുതിയുടെ കണ്ണിൽനിന്നും ആനന്ദാശ്രു പൊഴിഞ്ഞു. മെല്ലെ പക്ഷിയെ എടുത്ത് ദൈവത്തിന്റെ കൂട്ടിലേക്ക് പറഞ്ഞയച്ചു.

അമൃത എം

## അമ്മയെന്ന മാലാഖ



നേരം പുലർന്നത് പോലും ഞാനറിഞ്ഞില്ല. അടുക്കളയിൽ പാത്രങ്ങളോട് സംസാരിക്കുകയാണ് എൻെറ അമ്മ. അതിനിടയിലാണ് ഒച്ചത്തിലുള്ള വിളിയുയരുന്നത്. സമയം ഏഴാവാനായി. സ്കൂളിൽ പോകേണ്ടെ ?

'നീ ഇനിയും ഉറങ്ങുകയാണോ? '. അമ്മ പറഞ്ഞു. അഞ്ചുമിനിറ്റുകൂടി.അഞ്ചമിനിറ്റ് അനുവാദം ചോദിച്ച് ഞാൻ വീണ്ടും ഉറങ്ങാൻ കിടന്നു. അഞ്ചുമിനിറ്റ് കൃത്യമായപ്പോൾ അമ്മയുടെ ശബ്ദം വീണ്ടും ഉയർന്നു. കുറച്ച് മടിയും ദേഷ്യവും ഉള്ളിലുണ്ടെങ്കിലും എഴുന്നേറ്റ് വാഷ്റൂമിൽ കണ്ണാടി നോക്കി നിന്നു അപ്പോഴേക്കും വീണ്ടും ശബ്ദം ഉയർന്നു. സമയം ഇപ്പോൾ 7.30 ആയി പ്രഭാതകൃത്യം കഴിഞ്ഞ ശേഷം വീണ്ടും മുറിയിലെത്തി. “ഇന്നു സ്കൂളിലായിരുന്നെങ്കിൽ അടുത്ത മുറിയിൽ എൻെറ കുഞ്ഞേട്ടൻ ഇപ്പോഴും ഉറങ്ങിക്കൊണ്ടിരിക്കുകയാണ്.

വല്ല്യേട്ടൻ രാവിലെത്തന്നെ ഒരുങ്ങി എവിടെയോ പോയിന്നാ തോന്നുന്നതു.ഞാൻ എങ്ങനെയൊക്കെയോ


അടുക്കളയിലെത്തി . അമ്മയോട് എൻെറ ആദ്യത്തെ ചോദ്യം "ഇന്നു വല്ല അവധിയും ഉണ്ടോ". വഴക്ക് പറഞ്ഞില്ലെങ്കിലും അടുക്കളയിൽ പുകയിൽ തെളിഞ്ഞ രൂപം എന്നെ കണ്ണുകളുരുട്ടി പേടിപ്പിക്കുന്നുണ്ടായിരുന്നു.വീണ്ടും ഒരു മുന്നറിയിപ്പ്. സമയം ഏഴ് കഴിഞ്ഞ് എട്ടായി. അപ്പോഴേക്കും എനിക്കുള്ള ഉച്ചഭക്ഷണവും പ്രഭാതഭക്ഷണവും ടേബിലിൽ എത്തിയിരുന്നു. കഴിച്ചുകൊണ്ടിരിക്കുമ്പോഴ ആരും വിളിക്കാതെ കുഞ്ഞേട്ടൻ

അടുക്കളയിൽ എത്തി. അമ്മയുടെ പുന്നാര മകൻ എത്തിയപ്പോഴേക്കും എന്ന്

ശകാരിക്കാൻ തുടങ്ങി. ഒന്നും കേട്ടില്ല എന്ന് നടിക്കാൻ എനിക്ക് കഴിഞ്ഞില്ല.ഞാനും എന്തൊക്കെയോ പറഞ്ഞു. ക്ലോക്കിൽ നോക്കാതെ അമ്മ പറഞ്ഞു. സമയം 8.30 കഴിഞ്ഞു. സ്കൂൾ ബസ് വരാറായി. പറഞ്ഞുതീരും മുംമ്പെ സ്കൂൾ ബസ് വീട്ട മതിലിൻെറ അപ്പുറത്തു നിന്ന് ഹോൺ അടിക്കുന്നുണ്ടായിരുന്നു. സ്കൂൾ ബസ്സിൽ എൻെറ കൂട്ടുകാരികൾ  കാത്തു നിൽക്കുന്നുണ്ടായിരുന്നു.സ്കൂളിൽ എത്തി ഓരോ പിരീടും വീട്ടിലേക്ക് പോവുകയായിരുന്നു എൻെറ ചിന്ത .അവസാന പിരീഡ് മലയാളം ടീച്ചർ ക്ലാസ്സിൽ  വന്നു. കുറച്ച് കഴിഞ്ഞ്കഥകളും കവിതകളും കഴിഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു നാളെ വരുമ്പോൾ എല്ലാവരും അമ്മയെ കുറിച്ച് എഴുതിവരണം എന്നു പറഞ്ഞു. സ്കൂളിൽ നിന്ന് വീട്ടിലേക്ക് വരുന്ന വഴിയിൽ അമ്മയെക്കുറിച്ച് എന്തെഴുതണമെന്ന് ഞാൻ കൂട്ടുകാരികളുമായി ചർച്ച ചെയ്തപ്പോൾ പലരും ഉള്ളടക്കവും പറഞ്ഞു."അമ്മ ദൈവമാണ് ".മറ്റൊരാൾ പറഞ്ഞു ."അമ്മയാണ് ഏറ്റവും നല്ല കൂട്ടുകാരി ".അമ്മയാണ് എന്റെ എല്ലാം . പലരും പല അഭിപ്രായങ്ങളും പറഞ്ഞെങ്കിലും എനിക്ക് ഉൾക്കൊള്ളാനായില്ല. ബസ് ഇറങ്ങി നടക്കുമ്പോഴേക്കും എന്തെഴുതണമെന്നാണ് ആലോചിച്ചു കൊണ്ടിരുന്നത്.റോഡരികിൽ അമ്മ കാത്തുനിൽക്കുന്നുണ്ടായിരുന്നു.മുഖത്ത് ദേഷ്യമുണ്ടായിരുന്നെങ്കിലും ആശ്വാസഭാവത്തോടെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. സമയം 5 മണി കഴിഞ്ഞു." എന്താണ് ഇത്ര വൈകിയത്". എന്നായിരുന്നു അമ്മയുടെ ആദ്യത്ത ചോദ്യം.എനിക്കു മറുപടിയുണ്ടായിരുന്നില്ല.ചായയൊക്കെ കുടിച്ച് ഞാൻ മുറിയിലെത്തി.സ്കൂളിൽ മറ്റ് വർക്കുകഴെല്ലാം കഴിഞ്ഞിട്ടും അമ്മയെന്ന ടോപ്പിക്ക് എനിക്ക് ചോദ്യ ചിഹ്നമായിരുന്നു സമയം കഴിഞ്ഞിരുന്നു അമ്മയുടെ ഉഛത്തിലുള്ള വിളിയുയർന്നു. സമയം 9 കഴിഞ്ഞു. 'നീ ഭക്ഷണം കഴിക്കുന്നില്ലെ'?.അമ്മ ചോദിച്ചു. അപ്പോഴാണ് എനിക്ക് തോന്നിയത് അമ്മയെക്കുറിച്ച് ഞാൻ ഇത്രയും ആലോചിച്ചതെന്തിന്.അമ്മയാണ് കൃത്യനിഷ്ഠതയുള്ള അലാറം. ഞാനുണരുന്നതിന് മുമ്പ് മുതൽ  ഞാൻ ഉറങ്ങി കഴിയുന്നത് വരെ  'എൻെറ ചുറ്റും വട്ടമിട്ടു പറക്കുന്ന മാലാഖ.'

അലീന തെരേസ റെജി

## ബാപ്പുജിക്കൊരു കത്ത്



പ്രിയപ്പെട്ട ബാപ്പൂജി,

"എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് ധൈര്യപൂർവ്വം ലോകത്തോട് വിളിച്ചുപറഞ്ഞ അങ്ങേയ്ക്ക് ആദ്യം തന്നെ ഞാൻ അഭിവാദ്യം അർപ്പിക്കട്ടെ. മറ്റുള്ളവർക്ക് ഉപദേശനിർദേശങ്ങളും മാർഗ്ഗരേഖയും നൽകാൻ ധാരാളം പേരുണ്ടാകും, എന്നാൽ സ്വന്തം ജീവിതത്തിൽ അവ പകർത്തി അതിന്റെ ജയപരാജയങ്ങൾ വിലയിരുത്തി മാറ്റുതെളിയിച്ച് മറ്റുള്ളവർക്കു മുമ്പിൽ തുറന്നുവെക്കാൻ അങ്ങെല്ലാതെ മറ്റാരുമുണ്ടായിട്ടില്ല. സത്യാന്വേഷണ പരീക്ഷണങ്ങളുടെ ചൂളയിലാണല്ലോ അവിടുന്ന് സ്വജീവിതത്തെ എന്നും ജ്വലിക്കുന്ന നക്ഷത്രമാക്കി മാറ്റിയത്. അങ്ങയുടെ ഓരോ വാക്കും സന്ദേശവും ഭാരതത്തിന്റെ മാത്രമല്ല ലോകത്തിന്റെ ഹൃദയത്തിൽ തന്നെ സ്വർണ്ണ ലിപികളിൽ എഴുതപ്പെട്ടിരിക്കുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി അങ്ങു നയിച്ച സമരപ്രവർത്തനങ്ങൾ ഏവരിലും രാജ്യസ്നേഹവും അഭിമാനവും ഉണർത്തുന്നവയാണ്. എന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ച സന്ദേശം 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്നതാണ്. മനുഷ്യന്റെ കർമ്മശേഷിയെ ഉണർത്തി ലോകത്തിന് ഉപകാരപ്പെടുന്ന വിധത്തിൽ പ്രവർത്തിക്കുവാൻ ഇത് ശക്തി നൽകുന്നു. അലസതയും നിശ്ക്രിയത്വവുമാണ് മരണം എന്ന് അങ്ങ് ഞങ്ങളെ പഠിപ്പിക്കുന്നു. ഏതൊരു കാര്യം ഏറ്റെടുത്താലും നമ്മുടെ കഴിവിന്റെ പരമാവധി നൽകി പൂർണ്ണമനസ്സോടെ ചെയ്യുക അല്ലെങ്കിൽ അത് ഏറ്റെടുക്കാതിരിക്കുക. സ്വാതന്ത്ര്യസമരത്തിനിടയിൽ അങ്ങ് ആവിഷ്കരിച്ച പ്രതിരോധതന്ത്രങ്ങളും അവയുടെ വിജയവും ഫലപ്രാപ്തിയും ഈ വാചകത്തിന്റെ അന്ത:സത്ത വെളിപ്പെടുത്തുന്നതാണ്. അങ്ങ് ലോകം വെടിഞ്ഞതിനുശേഷവും ലോകത്തെ സ്വാധീനിക്കുന്നു എന്നതിന് തെളിവാണ് 2007

ജൂൺ 15-ന് ഐക്യരാഷ്ട്രസഭ അങ്ങയുടെ ജന്മദിനം ലോകഅഹിംസാ ദിനമായി പ്രഖ്യാപിച്ചത്. 192 അംഗരാജ്യങ്ങൾ ഐക്യേണ്യേനയാണ് ഈ പ്രമേയം പാസാക്കിയത് എന്നത് മഹത്തരമായ കാര്യമാണ്. അങ്ങ് അവസാന നിമിഷം വരെയും പ്രവർത്തിച്ചു അതിനാൽ അങ്ങ് അമരനായിത്തീർന്നിരിക്കുന്നു.

ബാപ്പൂജിയുടെ അഹിംസാതത്ത്വവും എന്നിൽ വളരെയധികം സ്വാധീനം ചെലുത്തിയ ഒരാശയമാണ്. യുദ്ധത്തിൽ രക്തച്ചൊരിച്ചിലുണ്ടാകും. എന്നാൽ സ്വാതന്ത്ര്യത്തിനായി നാം നടത്തിയ യുദ്ധം രക്തച്ചൊരുച്ചിലുണ്ടാക്കിയില്ല, കാരണം എല്ലാവരുടെയും മനസ്സിൽ അഹിംസ എന്ന ഒറ്റവാക്ക് മുഴങ്ങുകയുണ്ടായിരുന്നു. ഒന്നു ചിന്തിച്ചാൽ അങ്ങയുടെ അഹിംസാമന്ത്രത്തിന് ഇന്നത്തെ സമൂഹത്തിൽ വളരേയേറെ പ്രാധാന്യമുണ്ട്. ലോകം മുഴുവൻ സംഘർഷത്താൽ മുറുകുകയാണ്. ഇന്ത്യയിലും പണ്ടത്തേതുപോലെ ശാന്തിയും സമാധാനവും സന്തോഷവും കുറഞ്ഞുവരുന്നു. എങ്ങോട്ടുതിരിഞ്ഞാലും ഹിംസയുടെ അക്രോശങ്ങളാണ് മുഴങ്ങിക്കേൾക്കുന്നത്.

ശാന്തിയുടേയും , സമാധാനത്തിന്റെയും , സനാതനമൂല്യങ്ങളുടെയും ആദർശത്തിന്റെ അടിത്തറ അങ്ങ് സ്വായത്തമാക്കിയതിന്റെ വഴി വിവരിക്കുന്ന ഒരു കവിത കഴിഞ്ഞവർഷം ഞാൻ പഠിക്കുകയുണ്ടായി. മഹാകവി വള്ളത്തോൾ നാരായണമേനോന്റെ 'എന്റെ ഗുരുനാഥൻ' അതിൽ മഹത്തുക്കളിൽ നിന്ന് അവരുടെ സവിശേഷനന്മയുടെ അംശം അങ്ങ് സ്വാംശീകരിച്ചതായാണ് കവി കൽപ്പിക്കുന്നത്. കൃഷ്ണനും, ബുദ്ധനും, നബിയും, യേശുദേവനും ലോകത്തിനു നൽകിയ നന്മയുടെ കിരണങ്ങളെല്ലാം ശേഖരിച്ചാണ് അങ്ങ് സ്വന്തം വ്യക്തിത്വം സ്വാതന്ത്ര്യസമരത്തിനുള്ള ഉജ്ജ്വലമായ ആയുധമാക്കി മാറ്റിയതെന്നു പറയുന്നു. ഇത് ഇന്നത്തെ യുവജനങ്ങളും വിദ്യാർത്ഥികളും മാതൃകയാക്കേണ്ടതാണ്. തനിക്കു മുമ്പേ കടന്നു പോയ മഹാന്മാരുടെ സദ്ഗുണങ്ങളെ സ്വാംശീകരിച്ച് തിന്മയ്ക്കെതിരെ പോരാടാനുള്ള ശക്തി നേടി ലോകത്തിനു വെളിച്ചമായിത്തീരാനുള്ള

ദൃഢനിശ്ചയമെടുക്കാൻ അങ്ങയുടെ ജീവിതം മാർഗ്ഗദീപ്തിതെളിക്കട്ടെ.

അങ്ങ് ലോകം വെടിഞ്ഞതിനുശേഷവും ലോകത്തെ സ്വാധീനിക്കുന്നു എന്നതിന് തെളിവാണ് 2007 ജൂൺ 15-ന് ഐക്യരാഷ്ട്രസഭ അങ്ങയുടെ ജന്മദിനം ലോകഅഹിംസാ ദിനമായി പ്രഖ്യാപിച്ചത്. 192 അംഗരാജ്യങ്ങൾ ഐക്യണ്ഠേനയാണ് ഈ പ്രമേയം പാസാക്കിയത് എന്നത് മഹത്തരമായ കാര്യമാണ്. അങ്ങ് അവസാന നിമിഷം വരെയും പ്രവർത്തിച്ചു അതിനാൽ അങ്ങ് അമരനായിത്തീർന്നിരിക്കുന്നു.അങ്ങ് ലോകം വെടിഞ്ഞതിനുശേഷവും ലോകത്തെ സ്വാധീനിക്കുന്നു എന്നതിന് തെളിവാണ് 2007 ജൂൺ 15-ന് ഐക്യരാഷ്ട്രസഭ അങ്ങയുടെ ജന്മദിനം ലോകഅഹിംസാ ദിനമായി പ്രഖ്യാപിച്ചത്. 192 അംഗരാജ്യങ്ങൾ ഐക്യണ്ഠേനയാണ് ഈ പ്രമേയം പാസാക്കിയത് എന്നത് മഹത്തരമായ കാര്യമാണ്

അങ്ങയുടെ ലാളിത്യവും എളിമയും മറ്റൊരു പാഠമാണ്. വേഷഭൂഷാദികൾക്കും ആഡംബരങ്ങൾക്കും പിന്നാലെയാണ് ഇന്ന് സമൂഹം കുതിക്കുന്നത്. ത്യാഗവും മിതത്വവും സഹാനുഭൂതിയുമാണ് സമൂഹത്തെ ഒന്നിച്ചു നിർത്തുക.ഭൂമിയെ നയിക്കുന്ന മനുഷ്യകുലം ഈ ഗുണങ്ങൾ കൈവെടിഞ്ഞാൽ സർവ്വനാശമാണ് വരാൻ പോകുന്നത്. സുഖഭോഗങ്ങൾക്കായി പ്രകൃതിയേയും സഹജീവികളെയും തകർക്കുന്ന മനുഷ്യൻ എങ്ങോട്ടാണ് കുതിക്കുന്നത് എന്ന് ഞാൻ ചിന്തിക്കാറുണ്ട്. അങ്ങയെപ്പോലുള്ള ധീരന്മാരുടെ സാന്നിധ്യം പുതുതലമുറയ്ക്ക് അത്യന്താപേക്ഷിതമാണ്. അങ്ങ് കത്തിച്ചുവച്ചുപോയ ദേശസ്നേഹത്തിന്റെ കെടാവിളക്ക് ആളിക്കത്തിക്കുവാൻ പുതുതലമുറയ്ക്കാവട്ടെ. തീവ്രവാദവും രാജ്യദ്രോഹവും വർഗീയപ്രവണതകളും കൊണ്ട് അന്ധത ബാധിച്ചവർക്ക് ആ പ്രകാശം വെളിച്ചമാവട്ടെ. വളർന്നുവരുന്ന ഞാനടങ്ങുന്ന പുതുതലമുറയ്ക്ക് അങ്ങ് കൊളുത്തിവച്ച ദീപം വഴിതെളിക്കട്ടെ. അങ്ങ് പകർന്നുതന്ന ഊർജ്ജം ഞങ്ങളുടെ സിരകൾക്ക് കരുത്തുപകരട്ടെ.ഇത്രമാത്രം,

സ്നേഹത്തോടെ,ബഹുമാനത്തോടെ

ഈവ മരിയ.

സേക്രഡ് ഹാർട്ട് ഗേൾസ് എച്ച്.എസ്.എസ് തലശ്ശേരി.

(പോസ്റ്റൽ വകുപ്പ് നടത്തിയ നാഷണൽ ലെറ്റർ റൈറ്റിംഗ് മത്സരത്തിൽ കേരള സർക്കിളിൽ ഒന്നാം സമ്മാനാർഹമായ കത്ത് )

## വീണ്ടുമിതാ ഒരു മഴക്കുടി



ഇന്ന് തികച്ചും പുതുമയുടെയും സങ്കടത്തിന്റെയും ദിവസമായിരുന്നു തകർത്ത് പെയ്യാൻ തുടങ്ങിയ മഴയ്ക്ക് വിരാമമുണ്ടായത് നാലഞ്ച് മണിക്കൂർ മുമ്പാണ്.തികച്ചും കുളിരേകുന്ന ഒരന്തരീക്ഷം. അത് എന്നിലേക്ക് വ്യത്യസ്തമായ അനുഭൂതി പകർന്നുകൊണ്ടിരുന്നു. മുറ്റത്തുവീഴുന്ന ഓരോ മഴത്തുള്ളികൾക്കും വ്യത്യസ്ത ഭാവമായിരുന്നു. ഏറെ നേരം അതു നോക്കിയിരിക്കാൻ മനസ്സുവെമ്പുന്നതുപോലെ അതിനിടയിൽ എന്നെ തലോടി കടന്നുപോയ ഇളംക്കാറ്റ് എനിക്കുമുന്നിൽ മറ്റൊരു മുഖം തുറന്നുകാട്ടി. പുതുമഴയിൽ മണ്ണിന്റെ മണവുമായ് എന്നെ വന്നുപുണർന്ന ആ കുളിർക്കാറ്റ് എന്നിലെ പല ഓർമ്മകളുടെയും കെട്ടിച്ച് വീഴുകയായിരുന്നു. ക്ലാസ് കട്ട് ചെയ്ത് ഗ്രൗണ്ടിൽ ഇരുന്ന് കളി കാണുമ്പോഴും ക്ലാസിലിരുന്ന് കടലാസുതുണ്ടിൽ സന്ദേശങ്ങൾ കൈമാറ്റം ചെയ്യുമ്പോഴുമൊക്കെ ഒരു മൂന്നാമനായ് ഇളംകാറ്റ് ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. വേനലിനൊരാശ്വാസമായും മുഷിപ്പുകളിൽ ഒരുന്മേഷമായും ഇളംകാറ്റ് ഞങ്ങളിലൊരാളായ് മാറി.

പെട്ടെന്നു പെയ്ത മഴയിൽ എല്ലാം നഷ്ടമാകുമോ എന്ന വാക്കുകൾ എന്നെ വല്ലാതെ അലട്ടിയിരുന്നു. ഈ മഴയിൽ വിലമതിക്കാനാവാത്ത പല ബന്ധങ്ങളും ഇവിടെ ഉപേക്ഷിക്കേണ്ടി വരുമോ എന്ന ഭയം എന്നെ വേട്ടയാടാൻ തുടങ്ങി. ഞാൻ മനസ്സിൽ വിചാരിച്ചതുപോലെ തന്നെ മഹാപ്രളയം കടന്നു വന്നു. പലവരുടെയും ജീവനൊടുക്കി. വീട്ടിൽ ചാരുകസേരയിൽ ഇരിക്കുകയായിരുന്ന ഞാൻ കണ്ടത് ഒഴുക്കിന്റെ ശക്തിയിൽ കടന്നുവരുന്ന വെള്ളത്തെയായിരുന്നു. ആദ്യം മുറ്റം പിന്നെ പടി പിന്നെ വരാന്ത അങ്ങനെ വെള്ളം കയറി കയറി വന്നു.എന്തോ കാറ്റിന് ശക്തിയേറി വരുന്നതുപോലെ കാറ്റിൽ പാറിയെത്തിയ ഒരു കരിയില എന്റെ കണ്ണിൽ ചുംബിച്ചതും ഉള്ളിലടക്കിവച്ച വേദനകൾ ഒരു കണ്ണീർപ്രവാഹമെന്നോളം ആർത്തുപെയ്തു. കാലമാകുന്ന കരിയില വീടിന്റെ മാറിടത്തിൽ തീർത്ത വിള്ളലുകൾ

മായ്ക്കുകളയാനാരുണ്ട്?ഒരുപക്ഷേ അതിന്റെ ആകാതമായിരിക്കാം ഓരോ വർഷങ്ങളിലും തോരാമഴയായ് തുടക്കമിടുന്നത്. ഇടിമിന്നലുകൾ ഏങ്ങലായ് മാറുമ്പോൾ ആ മണ്ണിന്റെ കണ്ണുനീർ അതിലേക്കു തന്നെ അലിഞ്ഞുചേരുന്നു. മഴയെന്ന പ്രതിഭാസമായ്................

ഫാത്തിമത്ത് ഹേബ വി ബി

## വാർദ്ധക്യം



സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോകുന്ന വഴി മീനുവിന് ഒരു പാലം കടക്കേണ്ടിവന്നു.എന്നാൽ അത് പാലം തന്നെ ആണോ എന്നവൾക്ക് സംശയമായി. കാരണം പാലത്തിനു താഴെ ഒരു തുള്ളി വെള്ളം പോലും ഇല്ല. തൊട്ടുപിന്നാലെ വന്ന അമ്മുചേച്ചി പറഞ്ഞു.

"മീനു,നീ പാട്ടുകളിലും കഥകളിലും മരിക്കുന്ന പുഴയെക്കുറിച്ച് കേട്ടില്ലെ ? വാർദ്ധക്യം അടുത്തെത്തി നമ്മുടെ ഈ മാടത്തിപ്പുഴയ്ക്കും".

അമ്മുചേച്ചി ഇത്രയും പറഞ്ഞ് ഇടവഴിയിലൂടെ നടന്നകന്നു.മീനു സങ്കടത്തോടെ വീട്ടിലേക്ക് നടക്കാൻ തുടങ്ങി.അമ്പിളി ചേച്ചിയുടെ വീടിനുമുന്നിലെത്തിയപ്പോൾ അവിടെ നിന്ന മൂവാണ്ടൻ മാവ് കാണാനില്ല.എതിർ വശത്തു നിന്ന് നടന്നുവന്ന രഘു അങ്കിളിനോട് മീനു ചോദിച്ചു: "രഘു അങ്കിൾ,ഇവിടെ നിന്ന മൂവാണ്ടൻ മാവിനെന്തുപറ്റി?"

"കുറച്ചു മുൻപാണല്ലോ മീനു അത് മുറിച്ചു മാറ്റിയത്".രഘു പറഞ്ഞു."അതെന്തിനാണങ്കിൾ ?" മീനു സങ്കടത്തോടെ ചോദിച്ചു .

" മീനു മാവുകൾക്കും വാർദ്ധക്യം ഉണ്ട് . പ്രായമാകുമ്പോൾ അവയ്ക്ക് കേടു വരും.അപ്പോൾ മുറിച്ചു മാറ്റുക തന്നെ വേണം". അതു പറഞ്ഞ് രഘു അങ്കിൾ നടന്നു നീങ്ങി. അവൾക്ക് കരച്ചിൽ വരുന്നുണ്ടായിരുന്നു.വീടിനടുത്തെത്തിയപ്പോൾ പതിവില്ലാതെ അവിടെ ഒരാൾക്കൂട്ടം.ഉള്ളിൽ നിന്ന് അമ്മയുടെ കരച്ചിലും കേൾക്കാം.അവൾ വീടിനകത്തേക്കോടി.അസുഖമായി കിടന്നിരുന്ന തന്റെ പ്രിയപ്പെട്ട മുത്തശ്ശി വെള്ള പുതച്ച് തറയിൽ വിരിച്ച പായയിൽ കിടക്കുന്നതാണ് അവൾ കണ്ടത്.അമ്മ കരഞ്ഞു

തളർന്നിരിക്കുന്നു.അവൾ ആകെ തളർന്നു.അവളുടെ മനസ്സിൽ ഒരുപാട് മുത്തശ്ശി മുത്തശ്ശൻമാരുടെ മുഖങ്ങൾ ഓർമ്മ വന്നു.തെരുവിൽ അന്തിയുറങ്ങുന്നവർ,ഭിക്ഷയാചിച്ച നടക്കുന്നവർ....അങ്ങനെ നിരവധി പേർ.അവർക്കുമുണ്ടാകില്ലേ വാർധക്യം,മരണം. മീനവും അമ്മയോടൊപ്പം ഏങ്ങലടിച്ച കരഞ്ഞു.

സ്നേഹ ജോസ്

## നൊമ്പരം




ചിത്രശലഭം ഓർത്തു ഈ ജീവിതം എത്ര നശ്വരമാണ്. എത്ര ചെറിയ ജീവിതമാണ് ദൈവം എനിക്ക് നൽകിയത്. ഇതെന്താ ഇങ്ങനെ? പറന്നു നടക്കുമ്പോൾ ഈ ആലോചന അവളെ തളർത്തി. ഓരോ പൂവിലും അവൾ തളർന്നിറങ്ങി.

ഒരു ചെറിയ കുട്ടിയുടെ ചിരിയാണ് അവളെ ഉണർത്തിയത്. സന്തോഷത്തോടെ തന്നെ നോക്കിയിരിക്കുകയാണ് ആ കുഞ്ഞ്. എത്ര നിഷ്കളങ്കമായ ചിരി. ചിത്രശലഭം തന്റെ തെറ്റ് മനസ്സിലാക്കി. എത്രകാലം ജീവിച്ചു എന്നതിലല്ല കാര്യം, ഈ ചെറിയ ജീവിതം കൊണ്ട് എന്ത് നല്ലത് ചെയ്തു എന്നതിലാണ് കാര്യം, എന്നവൾ മനസ്സിലാക്കി. പാറിപറന്ന് ആ കുഞ്ഞിനെ അവൾ ആവോളം ചിരിപ്പിച്ചു................

ബിന്ദുബാലകൃഷ്ണൻ

സേക്രഡ് ഹാർട്ട് ഗേൾസ് എച് എസ് എസ് തലശ്ശേരി

## സത്യസന്ധത




ഒരിടത്ത് സോഫിയ എന്ന ഒരു പെണ്ണുക്കുട്ടി ഉണ്ടായിരുന്നു.

വരൾച്ചകാരണം അവളുടെ ഗ്രാമവാസികൾക്ക് ഭക്ഷണം ഒ- ന്നും തന്നെ കഴിക്കാൻ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അ- വരുടെ രാജാവ് എല്ലാ വീടുകളിലും ഒരോ റൊട്ടി വീതം വി- തരണം ചെയ്യാൻ തീരുമാനിച്ചു. ഇതിനു ശേഷം എല്ലാ ഗ്രാ- മവാസികളും ഈ വിവരമറിഞ്ഞ് റൊട്ടി വാങ്ങാനായി എ- ത്തി. സോഫിയയുടെ വീട്ടിൽ അവളുടെ അമ്മയും അവളും മാത്രമാണ് ഉണ്ടായിരുന്നത്. അവർ ദരിദ്രരുമാണ്. അവളു- ടെ അമ്മ അവളെ റൊട്ടിവാങ്ങാനായി പറഞ്ഞുവിട്ടു.

സോഫിയയെ കണ്ടപ്പോൾ അവളെയൊന്ന് പരീക്ഷിച്ചാലോയെന്ന് രാജാവിന് തോന്നി. അവൾക്ക് കൊടുത്ത റൊട്ടിയുടെ നടുവിൽ ഒരു സ്വർണ്ണമോതിരം വച്ചു.

വീട്ടിൽ എത്തിയപ്പോൾ അവൾ അത് പകുതിയാക്കി, ഒരു കഷ്ണം തന്റെ അമ്മയ്ക്കും കൊടുത്തു. തന്റെ റൊട്ടിയിൽ എന്തോ കല്ലുള്ളതായി സോഫിയയ്ക്ക് തോന്നി. അവൾ ആ റൊട്ടി വീണ്ടും കഷ്ണമാക്കിയപ്പോൾ ആ സ്വർണ്ണമോതിരം അവൾ കണ്ടു. അവൾ അതെടുത്ത് അമ്മയെ കാണിച്ചു. അവളുടെ അമ്മ അവളോട് അത് രാജാവിന് കൊടുക്കാൻ ആവശ്യപെട്ടു. അവൾ ഓടിച്ചെന്ന് അത് രാജാവിന് കൊടുത്തു. ഇന്നിട്ട് പറഞ്ഞു "ഇത് എനിക്ക് റൊട്ടിയിൽ നിന്ന് കിട്ടിയതാണ് ". രാജാവ് ചിരിച്ചു കൊണ്ട് പറഞ്ഞു ഇത് ഞാൻ നിന്നെ പരീക്ഷിച്ചതാണ്. ഈ മോതിരം നിനക്കു ഞാൻ തരുന്നതാണ്, നിന്റെ സത്യസന്ധതയ്ക്ക് ഞാൻ തരുന്ന സമ്മാനം.

നിയുക്ത ഇ

IX B

സേക്രട്ട് ഹാർട്ട്,

## രഹസ്യ രാജ്യത്തെ ക്ഷേത്ര വിഗ്രഹം

വളരെ മനേഹരമായ ഒരു പൊൻപുലരി ഉദിച്ച വന്നു .നകുലും സഹോദരൻ ദീപകും കാത്തിരുന്ന ദിവസമാണ് .അവരുടെ നാട്ടിലെ പൂജാരി പൂട്ടിക്കിടക്കുന്ന അംമ്പലത്തിലേക്ക് പോകുന്ന ദിവസം .മാ-

സത്തിൽ ഒരിക്കൽ മാത്രമേ അദ്ദേഹം ആ ക്ഷേത്രത്തിൽ പോകാറുള്ളൂ .എന്തിനാണെന്ന് ആർക്കുമറിയില്ല . പലരും പല തരത്തിലുള്ള കഥകളാണ് പറയാറുള്ളത് . എന്നാൽ ആരും ഇതു വരെ

അന്വേഷിച്ച് ചെന്നിട്ടില്ല .കാരണം,വളരെ ഭയചകിതമായ കൊടും കാട്ടിലൂടെ വേണം ക്ഷേത്രത്തിൽ

എത്താൻ .നകുലും ദീപകും കാടിന്റെ തുടക്കത്തിൽ പൂജാരിയെ കാത്ത് പതുങ്ങിയിരുന്നു .പൂജാരിയറിതെ അവർ അദ്ദേഹത്തെ പിന്തുടർന്നുകൊണ്ടേയിരുന്നു .കുറേ ദൂരം നടന്നതിനു ശേഷം അവർ മനോഹരമായ ക്ഷേത്രത്തിനു മുൻപിൽ എത്തി .ആശ്ചര്യത്തോടെ അവർ ഒരു നിമിഷം ക്ഷേത്രത്തെ നോക്കിനിന്നുപോയി .ക്ഷേത്രത്തിൽ പ്രവേശിച്ച പൂജാരിയെ അവർ വീണ്ടും പിന്തുടർന്നു.

ക്ഷേത്രത്തിലെ ഒരു ഇടനാഴിയിലൂടെ നടന്ന് അതിന്റെ ഏറ്റവും ഒട്ടുവിലെത്തി .ഭിത്തിയിൽ നിന്നും ഒരു കല്ല് പൂജാരി നീക്കിയപ്പോൾ ഭിത്തി തുറന്ന് ഒരു വഴി പ്രത്യക്ഷപ്പെട്ടു . അതടയുന്നതിനുമുമ്പ് നകുലും ദീപകും അതിലേക്കുകടന്നു . പടവുകൾ ഇറങ്ങി അവർ നടന്നു . ദീപകിനു ഭയമുണ്ട് . അവൻ ചേട്ടന്റെ കൈയ്യിൽപിടിച്ചാണ് നടക്കുന്നത് . വളരെ ഇരുണ്ട വഴിയിലൂടെയാണ് അവർ നീങ്ങുന്നത് . കുറേ കഴിഞ്ഞ് അവർ വെളിച്ചം കണ്ടുതുടങ്ങി . ആ വഴി ചെന്നവസാനിച്ചത് വളരെ മനോഹരമായ ഒരു

പൂന്തോട്ടത്തിലാണ് . പൂക്കളും കായ്കളും നിറഞ്ഞ മരങ്ങളും മറ്റും കണ്ട് അവർ അത്ഭുതപ്പെട്ടു . പൂജാരി വളരെ മനോഹരമായഒരു വിഗ്രഹത്തിനുമുൻപൽ ചെന്ന് അതിനെ തൊഴുതു . നകുലും ദീപകും അതും നോക്കിനിന്നു . എന്നാൽ അവരെ കണ്ട പൂജാരി അത്ഭുതപ്പെട്ടുപോയി . അദ്ദേഹം അവരോട് എങ്ങനെ ഇവിടെഎത്തിയെന്നു ചോദിച്ചു. പിന്നീട് ഈ രഹസ്യം ആരോടും പറയരുതെന്നും പറഞ്ഞ് അദ്ദേഹം അവരെയുകൂട്ടി അവിടുന്ന് തിരികെ നാട്ടിലേക്കുവന്നു . ഇനിയും ഞങ്ങളെ അങ്ങോട്ട് കൊണ്ടുപോകുമോയെന്ന അവരുടെ ചോദ്യത്തിന് കൊണ്ടുപോകാം എന്ന് അദ്ദേഹം വാക്കുനൽകി .

അടുത്തമാസം അവരും പൂജാരിയും ഒന്നിച്ചാണ് പോയത് . അവിടെ അവരെ ഞെട്ടിക്കുന്ന ഒരു സംഭവം നടന്നിരിക്കുന്നു . പൂജനടത്തിയിരുന്ന വിഗ്രഹം കാണാതായിരിക്കുന്നു . കോരിത്തരിച്ചുനിന്നുപോയ പൂജാരിയോട് അവർ പറഞ്ഞു പുറത്തുനിന്നുള്ളവർ വന്ന് ഇത് മോഷ്ടിക്കാൻ സാധ്യതയില്ലാത്തതിനാൽ ഈ വിഗ്രഹം മോഷ്ടിച്ചിരിക്കുന്നത് ഇവിടെയുള്ള ആരെങ്കിലും ആവണം. അവർ പറഞ്ഞതിന്റെ വാസ്തവം മനസ്സിലാക്കി പൂജാരിയും നകുലും ദീപകും ചേർന്ന് ആ കാട്ടിൽ വിഗ്രഹം തേടാൻ തുടങ്ങി. നടന്ന് നടന്ന് അവർ വളരെ മനോഹരമായ ഒരു കൊട്ടാരത്തിന്റെ മുറ്റത്താണ് ചെന്നെത്തിയത്. അവരെ കണ്ട് സംശയം തോന്നിയ ഭടന്മാർ അവരെ ബന്ധനസ്ഥരാക്കി രാജാവിന്റെ മുന്നിൽ കൊണ്ടുചെന്നു. സത്യസേനൻ എന്നായിരുന്നു ആ രാജാവിന്റെ പേര്. തന്റെ മുമ്പിൽ എത്തിയവരെ ശത്രുക്കളാണന്ന് തോന്നാത്തതിനാൽ എന്തിനിവിടെ വന്നു എന്ന് രാജാവ് അവരോടു ചോദിച്ചു. തങ്ങൾ വന്നതെന്തിനാണെന്ന് അവർ മഹാരാജാവിനോട് പറഞ്ഞു. അവർ പറഞ്ഞതു കേട്ടു മഹാരാജാവിനോട് പറഞ്ഞു." തലമുറയായി നമ്മുടെ രാജ്യത്ത് പൂജ നടന്നിരുന്ന ക്ഷേത്രത്തിലെ വിഗ്രഹമായിരുന്നു അത്. എന്നാൽ, കുറച്ചു കാലങ്ങൾക്കു മുമ്പ് നമുക്കിത് നഷ്ടമായി.അടുത്ത പൗർണഅണിമനാൾ ക്ഷേത്രത്തിൽ ഉത്സവമാണ്. എന്നാൽ വിഗ്രഹമില്ലാതെ ഉത്സവം നടത്തുക സാധ്യമല്ലാത്തതിനാൽ നമ്മൾ കഴിഞ്ഞ ഒരാഴ്ചയായി അത് തിരഞ്ഞുകൊണ്ടേയിരുന്നു. വിഗ്രഹം കണ്ടെടുത്തപ്പോൾ ആരോ

നിത്യമായി പൂജചെയ്യുന്നുണ്ടെന്ന് മനസ്സിലായി. എന്നാൽ ആരാണതെന്ന് അറിയാത്തതിൽ നാം ദു:ഖിച്ചിരുന്നു. എന്നാൽ, ആ നല്ല മനസ്സുള്ള വിശ്വാസി താങ്കൾ ആണെന്നറിഞ്ഞതിൽ സന്തോഷം. നിരന്തരമായി ആ വിഗ്രഹത്തെ കള്ളന്മാരിൽ ചതിയരിൽ നിന്നും രക്ഷിച്ചു. അങ്ങ് നാം നൽകുന്ന ഉപഹാരങ്ങൾ സ്വീകരിക്കണം. കൂടാതെ തങ്ങൾ അറിഞ്ഞ രഹസ്യം കാത്തുസൂക്ഷിച്ച മിടുക്കന്മാരായ നിങ്ങളും. ഇതു കൂടാതെ അടുത്ത പൗർണ്ണമി നാളിൽ നടക്കാനിരിക്കുന്ന ഉത്സവത്തിൽ കുടുംബത്തെയും കൂട്ടി വന്ന് പങ്കെടുക്കാൻ നിങ്ങളെ ക്ഷണിക്കുകയും ചെയ്യുന്നു. മഹാരാജാവിനോട് എങ്ങനെ നന്ദി പറയണമെന്ന് അറിയില്ലെന്നും തന്റെ പ്രാർഥന എന്നും ഉണ്ടാകുമെന്നും പറഞ്ഞ് അദ്ദേഹം നകുലിനെയും ദീപകിനെയും കൂട്ടി തിരികെ ഗ്രാമത്തിലേക്ക് മടങ്ങി. ഗ്രാമത്തിൽ എത്തിയ അവരോട് ഇത് തങ്ങളുടെ മാതാപിതാക്കളെല്ലാതെ മറ്റാരും അറിയരുതെന്ന് പറഞ്ഞ് പൂജാരി അവരെ പറഞ്ഞയച്ചു. ഈ സന്തോഷകരമായ വാർത്ത പറയാൻ തിടുക്കത്തിൽ അവർ വീട്ടിലേക്ക് പോയി. നമ്മുടെ മക്കളെയോർത്ത് അഭിമാനമുണ്ടെന്ന് പറഞ്ഞ് അവരെ ഉത്സവത്തിന് കൊണ്ടുപോകാമെന്ന് നകുലിന്റെയും ദീപകിന്റെയും മാതാപിതാക്കൾ സമ്മതിച്ചു. അവരിരുവരും സന്തോഷത്തിൽ പോകാനുള്ള മറ്റൊരുക്കങ്ങൾ ആരംഭിച്ചു.

**റിയ ആൻ ജോസഫ്.**

## ജാനവമ്മയും കൂട്ടുകാരും

ആടുകളെ വളർത്തി അവയുടെ പാൽ വിറ്റാണ് ജാനവമ്മയും മകനും ജീവിച്ചിരുന്നത്. ഓമനിച്ചു വളർത്തുന്ന രണ്ട് ആടുകൾക്ക് ചിന്നു എന്നും മിന്നു എന്നും അവർ പേരിട്ടു. വീട്ടുമുറ്റത്തെ ആൽമരത്തിൽ ഒരു അമ്മക്കിളിയും



കുഞ്ഞുങ്ങളും കൂട്ടുകൂടി പാർത്തിരുന്നു. ചിന്നുവും മിന്നുവും കിളികളും ജാനവമ്മയുടെയും മകന്റെയും കൂട്ട്കാരായി. ഒരിക്കൽ രണ്ടു കള്ളൻമാർ ആ വഴി നടന്നുപോവുകയായിരുന്നു.

"നാളെ ഇവിടത്തെ അമ്പലത്തിൽ ഉത്സവമാണ്. എല്ലാവരും ഉത്സവത്തിനു പോകും. നമുക്ക് ഈ വീട്ടിൽ നിന്ന് തുടങ്ങാം". കള്ളൻമാർ മോഷണത്തിന് പദ്ധതിയിടുന്നത് ചിന്നുആട് കേൾക്കുന്നുണ്ടായിരുന്നു. ചിന്നു കൂട്ടുകാരായ മിന്നു ആടിനോടും കിളികളോടും കാര്യം പറഞ്ഞു. "നമുക്ക് എങ്ങനെയും ഇത് തടയണം."അവർ തീരുമാനിച്ചു.

പിറ്റേന്ന് ജാനവമ്മയും മകനും ഉത്സവത്തിനു പോയതോടെ ചിന്നുവും മിന്നുവും വീടിനുള്ളിൽ ഒളിച്ചിരുന്നു. കള്ളൻമാർ വീട്ടിൽ കയറിയതും അവർ പാഞ്ഞുവന്ന് കള്ളൻമാരെ കുത്തിമറിച്ചു. വേദനകൊണ്ട് പുളഞ്ഞ അവർ പുറത്തേക്കോടി. ഈ സമയത്ത് കിളികൾ പറന്നുവന്ന് കള്ളൻമാരുടെ തലയിൽ കൊത്തി. അവർ ജീവനും കൊണ്ടോടി.

നഫീസത്തുൽ ഹന്ന

## പ്രാണന്റെ വിശപ്പ്




ചിത്രശലഭം ചിറകടിച്ചുകൊണ്ടിരിന്നു. അകപ്പെട്ട വലയിൽ നിന്നും അതിന് രക്ഷപ്പെടാൻ കഴിയുന്നില്ല. ചിറകടിച്ച് തളരട്ടെ. പിടച്ചിൽ നിലയ്ക്കുമ്പോൾ എളുപ്പം വായ്ക്കകത്താക്കാമല്ലോ എന്ന് ചിന്തിച്ച് വലയുടെ മദ്യത്തിൽ ക്ഷമയോടെ ശ്രദ്ധിച്ച് നിലകൊണ്ടു ചിലന്തിമൂപ്പൻ. അതിന്റെ വായിൽ വെള്ളമൂറിക്കൊണ്ടിരുന്നു.

പാവം ചിത്രശലഭം. ഇനി നിമിഷങ്ങൾ മാത്രം...! അതിന്റെ ജീവിതം ഒടുങ്ങും! തൊടിയിലെ ചെടിച്ചില്ലയിൽ വലയാക്കുള്ളിലെ ശലഭത്തിന്റെ പിടച്ചിൽ,പെൺകുട്ടിയെ ദുഃഖത്തിലാഴ്ത്തി.

പെൺകുട്ടി നീണ്ട ചെടിക്കൊമ്പ് പൊട്ടിച്ചെടുത്തു. നീട്ടിപ്പിടിച്ച് ഒരു തട്ട്. വലക്കണികൾ അറ്റുങ്ങി... ശലഭം ല

പ്രണനും കൊണ്ട് പറന്നു.!

“അയ്യോ മോളേ നീ ചെയ്തത് ശരിയായില്ല”.ങേ? അമ്മ എപ്പഴാണ് എന്റെ പിന്നിൽ വന്നു നിന്നത്?എത്രനേരം കാത്തിരുന്നിട്ടാവും അതിനൊരിരയെ കിട്ടിയത്? ഇനിയൊരു വല നെയ്യെടുക്കാൻ എത്ര പാടുപെടണം....ഇനിയും ഒരിര എപ്പോഴാണ് കെണിയുക....?എന്നിട്ടു വേണ്ടേ അതിന് വിശപ്പുമാറ്റാൻ...?ഒരു നിമിഷം വിശപ്പ സഹിക്കാൻ നിനക്കാവുമോ...? "ചിലന്തിയുടെ വിശപ്പിനാണോ ശലഭത്തിന്റെ പ്രാണനാണോ അമ്മേ വില”അവളുടെ ചോദ്യത്തിനു മുന്നിൽ അമ്മ ഒരു നിമിഷം പതറി.

- അനുപമ

## അമ്മ



കുഞ്ഞിനെ മാറോടെ ചേർക്കും

അമ്മയുടെ സ്നേഹം

അളവില്ല അതിരില്ല

സാഗരം പോലെ തോന്നും

അമ്മതൻ വാക്കിന്

അർത്ഥമൊന്നേയുള്ളൂ പാരിൽ

സ്നേഹം സ്നേഹം മാത്രം

അമ്മയായാൽ പോരാ അമ്മ തന്റെ

വാത്സ്യല്യം ചൊരിഞ്ഞിടേണം

അമ്മയുടെ ചൂടിനപ്പുറത്ത് മറ്റൊരു ലോകം ഇതൾ വിരിയുന്നു ഈ മരുലോകമെന്നു കരുതുമ്പോഴും..

കൂട്ടതൽ പാഴ് ജന്മങ്ങൾ ഇവിടെ പുഴക്കളെ പോലെ..

ആരും ആർക്കും വിളമ്പാത്ത മറ്റൊരു മായാലോകം...

ഓർമ്മയിൽ തെളിയുന്ന സ്നേഹമാണെൻ അമ്മ

ഓർക്കുമ്പോൾ തെളിയുന്ന നന്മയാണെൻ അമ്മ

പാൽ മണം മാറാതെ

പാൽ പുഞ്ചിരി ഓരോ നാവിൻ തുമ്പിലും

ഉതിരും രണ്ടക്ഷരമാദ്യം

അമ്മ അമ്മ എന്നു തന്നെ.

അമിത സുഗതൻ

## ഭൂമിതൻ കണ്ണീർ



പുഴയും നദിയും വറ്റി

തൊട്ടും കുളവും വറ്റി

ജലാശയങ്ങൾ  വറ്റി

വെള്ളം മുഴവൻ  വറ്റി



കാടില്ലിവിടെ മരമില്ലിവിടെ

കരയില്ലിവിടെ

കടവില്ലിവിടെ

ശ്വസിക്കാൻ പൊലും വായുവില്ലിവിടെ



എല്ലാം മലിനം എല്ലാം മരണം

ഞാനില്ലിനിവിടെ നിയില്ലിനിവിടെ

ജീവന്റെ ഒരു തരിയില്ലിവിടെ

രാവില്ല പകലില്ല

ചെടിയില്ല മരമില്ല

കാട്ടുപൂഞ്ചൊാഭ്രമിതൻ

കണ്ണിർ ഒന്നു ബാക്കി

ഗോപിക സുധീർ

## ലഹരിക്കടത്തിന് അറുതിവരുത്തണം



ആറുമാസത്തിനിടെ കേരളത്തിൽ പിടികൂടിയത് 600 കോടി രൂപയുടെ ലഹരിവസ്തുക്കളാണെന്ന വാർത്ത ഭയാശങ്കകളുളവാക്കുന്നതാണ്. മൂന്നരക്കോടിമാത്രം ജനസംഖ്യയുള്ള കൊച്ചുകേരളം ലഹരി ഉപയോഗത്തിന്റെ കാര്യത്തിൽ രാജ്യത്ത് രണ്ടാംസ്ഥാനത്താണ് എന്നുകൂടി അറിയുമ്പോഴാണ് സംസ്ഥാനം അകപ്പെട്ടിരിക്കുന്ന വിനാശഗർത്തത്തിന്റെ ആഴം ബോധ്യമാവുക. ദിവസം മൂന്നുകോടിയിലേറെ രൂപയുടെ ലഹരിവസ്തുക്കളാണ് എക്സൈസ് വകുപ്പ് പിടികൂടുന്നത്. ഓരോ മാസവും ശരാശരി 625 കേസുകളുമെടുക്കുന്നു. 2012 മുതൽ 2018 വരെയുള്ള കാലത്ത് സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ഉപഭോഗം പത്തിരട്ടിയായെന്ന് സംസ്ഥാന എക്സൈസ് വകുപ്പ് വ്യക്തമാക്കുന്നു. എക്സൈസ് വകുപ്പ് പരിശോധന കാര്യക്ഷമമാക്കിയിട്ടും സർക്കാരും സന്നദ്ധസംഘടനകളും ലഹരി വർജന-ബോധവത്കരണ പരിപാടികൾ പലതു നടത്തിയിട്ടും എന്തുകൊണ്ടാണ് കേരളം ഈ കെണിയിൽ അഴിയാക്കുരുക്കിലെന്നോണം കുടുങ്ങിക്കിടക്കുന്നത്? പുതുതലമുറ ലഹരിവസ്തുക്കൾ സംസ്ഥാനത്തേക്ക് നിർലോപം എത്തുന്നത് എങ്ങനെയാണ്? ഇവയ്ക്ക് ഉത്തരങ്ങൾ കണ്ടെത്തി പ്രതിരോധ പരിപാടികൾ ഊർജിതമാക്കിയില്ലെങ്കിൽ നിരന്തര ലഹരിയുപയോഗംമൂലം ശാരീരിക, മാനസിക ആരോഗ്യം നശിച്ചവരുടെയും കുറ്റവാലികളുടെയും എണ്ണം ലഹരിക്കടത്തു കേസുകൾ പോലെ തന്നെ കുതിച്ചുയരും.

സ്കൂൾ പ്രായത്തിലെ ലപരിവസ്തുക്കൾ പരിചയിക്കുകയും പക്വതയെത്തുംമുംമ്പേ അവയ്ക്ക് അടിമകളാവുകയും ചെയ്യുന്നവർ കേരളത്തിൽ കൂടുകയാണ്. കുട്ടികൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ച് ബെംഗളൂരു നൂം ഹാൻസ് നടത്തിയ ശിൽപ്പശാലയിൽ മറ്റുസംസ്ഥാനങ്ങൾ ബാലവേലയും ഭിക്ഷാടനവും ഉയർത്തിക്കാട്ടുയപ്പോൾ കേരളത്തിന്റെ പ്രശനം കുട്ടികളിലെ ലഹരി ഉപയോഗമായിരുന്നു. ഇവിടെനിന്നുവേണം കോടികൾ മറിയുന്ന

ലഹരിവിപണിയെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങാൻ.ശാരീരിക-മാനസീക വളർച്ച കൈവരിക്കുന്ന കൗമാരത്തിൽ ലഹരിവസ്തുക്കൾ പരിചയിക്കുന്ന വ്യക്തിയിൽ അതിനോടുള്ള അടിമത്തം അഥവാ അഡിക്ഷൻ ഉണ്ടാവാനുള്ള സാധ്യതഏറ്റെയാണെന്നത് പഠനത്തിലൂടെ തെളിയിക്കപ്പെട്ട വ്യക്തി അത് സ്വന്തമാക്കാൻ ലഹരിക്കടത്തിലും മറ്റ് കുറ്റക്രുത്യങ്ങളിലും ഏർപ്പെടുന്നുവെന്നതും സത്യമാണ്. സംസ്ഥാനസർക്കാരിന്റെ കൊട്ടിഘോഷിക്കപ്പെട്ട ലഹരിവിരുദ്ധപ്രചാരണമായ 'വിമുക്തി' നിലവിലിരിക്കുമ്പോഴാണ് മയക്കുമരുന്നുകടത്ത് കുറയുന്നില്ലെന്ന വിവരം പുറത്തുവന്നിരിക്കുന്നത്.

രണ്ടുവർഷമായി പൂട്ടിക്കിടന്ന ബാറുകൾ തുറക്കാൻ കഴിഞ്ഞവർഷം തീരുമാനിച്ചപ്പോൾ സർക്കാർ പറഞ്ഞ കാരണങ്ങളിലൊന്ന് അത് മയക്കുമരുന്നിന്റെ ഉപയോഗം കുറയ്ക്കും എന്നതായിരുന്നു.എന്നാൽ, മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപഭോഗത്തിൽ വർധനയെല്ലാതെ, കുറവില്ല. ഒരിക്കൽ മയക്കുമരുന്നിന്റെ പിടിയിലകപ്പെട്ടയാളെ അതിൽനിന്നും മോചിപ്പിക്കുക എന്നത് പ്രയാസമാണെന്നതുതന്നെയാണ് ഇതിനു കാരണം.ലഹരിയുടെ കാര്യത്തിൽ തുടക്കമെന്നത് മിക്കപ്പോഴും തുടക്കത്തിൽ നിൽക്കില്ല. സങ്കീർണ്ണപ്രശ്നങ്ങളുടെയും തുടക്കമാണത്. തുടങ്ങതിരിക്കുക എന്നതാണ് പരമപ്രധാനം. ബോധവത്കരണം ഒന്നുകൊണ്ടുമാത്രം ലഹരിയുടം നീരാളിപ്പിടിത്തത്തിൽനിന്ന് വിടുതൽ നേടാനാവില്ല. ലഹരിനിർമാർജനത്തിന് സ്ഥിരോത്സാഹത്തോടെയും ഇച്ഛാശക്തിയോടെയുമുള്ള പ്രവർത്തനവും ആവശ്യമാണ്. ക്രപ്റ്റോ കറൻസി ഉപയോഗിച്ച് ഓൺലൈനായി പുതുതലമുറയ്ക്ക് ലഹരികൾ വാങ്ങാനാവുന്ന കാലമാണിത്. ഈ ഇടപാടുകൾ കണ്ടെത്തി വേരറക്കാനുള്ള നടപടികളുടെ സങ്കീർണതയില്ലാതാക്കണം. 'വിമുക്തി'യുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള 14 സർക്കാർ ലഹരിമോചനകേന്ദ്രങ്ങൾകൊണ്ടുമാത്രം ലഹരിമുക്തമാവശ്യമുള്ളവരെ ചികിത്സിക്കാനാവില്ല.

ലഹരിക്കടിപ്പെട്ട കുട്ടികൾക്കായി പ്രത്യേക കേന്ദ്രങ്ങളുംആവശ്യമാണ്. തുടർച്ചയില്ലാത്ത പദ്ധതികൾ എക്കാലവും കേരളത്തിന്റെ ശാപമാണ്.

ലഹരിമുക്തിയുടെ കാര്യത്തിലും അതെ. ദംഷ്ട്രകൾ കേരളത്തെ കാർന്നുതിന്നാതിരിക്കാൻ നിതാന്ത ജാഗ്രതയോടെയും ഇച്ഛാശക്തിയോടെയുമുള്ള പ്രവർത്തനമാണ് ആവശ്യം.

ആൻ മരിയ

## സ്കൂളിന്റെ വേറിട്ട പ്രവർത്തനങ്ങൾ

2017-18 അധ്യയനവർഷത്തിൽ സേക്രഡ് ഹാർട്ട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ സോഷ്യൽ സർവ്വീസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ പല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി. അഞ്ചു മുതൽ പത്തു വരെയുള്ള ക്ലാസുകൾ വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ കണ്ടെത്തി അധ്യാപകരോടൊപ്പം സന്ദർശനം നടത്തി. സോഷ്യൽ ഇമേർഷൻ പ്രോഗ്രാം എന്ന പേരിലാണ് ഇത് നടത്തപ്പെട്ടത്. ഈ യാത്ര കുട്ടികളിൽ മുതിർന്നവരോടും പ്രായാധിക്യം കൊണ്ട് കഷ്ടപ്പെടുന്നവരോടും, മക്കളുപേക്ഷിച്ച് ഏകാന്തമായി കഴിയുന്ന മാതാപിതാക്കളോടുമൊക്കെ സഹാനുഭൂതി ഉണർത്തി. ഈ ഇമേർഷൻ പ്രോഗ്രാം അവരുടെ മനസ്സിനെ ആഴമായി സ്വാധീനിക്കുകയും സ്കൂൾ അസംബ്ലിയിൽ അവർക്ക് അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാൻ അവസരം നൽകുകയും ചെയ്തു. കുട്ടികളിൽ പരസ്നേഹവും സഹാനുഭൂതിയും ഉണ്ടാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ വളരെയേറെ സഹായിക്കുന്നു. കഴിഞ്ഞ വർഷത്തെ എടുത്തുപറയേണ്ട മറ്റൊരു പ്രവർത്തനമാണ് ഭവനനിർമ്മാണം. 2018 ൽ വീടില്ലാത്ത നമ്മുടെ സ്കൂളിൽ പഠിക്കുന്ന കുട്ടിക്ക് പിടിഎ യുടെയും അധ്യാപകരുടെയും കുട്ടികളുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ ഒരു വീട് നിർമ്മിച്ചു നൽകി. ഈ വർഷം മറ്റൊരു കുട്ടിക്ക് കൂടിയുള്ള വീട് അതിന്റെ നിർമ്മാണപാതയിലാണ്. 2017-18 വർഷത്തിൽ ഓണാഘോഷത്തോട് ബന്ധപ്പെട്ട് കുട്ടികളെ സ്കൂളിലെത്തിക്കുകയും കൊണ്ടുവിടുകയും ചെയ്യുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരെ പ്രത്യേകം ക്ഷണിക്കുകയും അവർക്ക് വിവിധ സമ്മാനങ്ങൾ, ഓണക്കിറ്റ് ഇവ വിതരണം ചെയ്യുകയും അവരെ ആദരിക്കുകയും ചെയ്തുചെയ്തു.ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുക വഴി കുട്ടികളിൽ സഹായമനോഭാവവും മറ്റുള്ളവരോടുള്ള കരുതലും സ്നേഹവും വളർത്തിയെടുക്കാൻ സഹായകമായി എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

## ജയവും പരാജയവും




ജയിക്കാൻ പ്രയാസമാണ്, ജയിച്ചാലത്തെ സന്തോഷം വലുതുമാണ്. അതുപോലെ,

തോൽക്കാൻ എളുപ്പമാണ്, തോറ്റാലുള്ള സങ്കടംവലുതും. പക്ഷേ, തോൽക്കാൻ ചിലർ ഉള്ളതിനാലാണ് മറ്റുചിലർക്ക ജയിക്കാൻ സാധിക്കുന്നത്. അതിനാൽ, നമുക്ക ചില മുൻ കരുതലുകൾ എടുക്കേണ്ടതുണ്ട്.

ജയിക്കാൻ കഴിയുന്നതിൽ ജയിക്കാൻ ശ്രദ്ധിക്കുക. എനിക്ക് ഒന്നിനും കഴിയില്ല എന്ന നിലപാട് ഒരിക്കലും ശരിയല്ല. നമുക്ക് ചിലതുകഴിയുമെന്നതിലാണ് നാം ജനിക്കുന്നതു തന്നെ. അതേസമയം, നമുക്ക ജയിക്കാനാവാത്തതിൽ മറ്റുള്ളവരെ ജയിക്കാൻ വിടുക.

തോല്ക്കുന്നവരെ പരിഹാസിക്കാതിരിക്കുക. തോറ്റുവിഷമിക്കുന്നവരോട് നാം പറയാറില്ലേ..'ഞാൻ അപ്പോഴെ പറഞ്ഞില്ലേ പോകണ്ടാ, പോകണ്ടാന്ന്" എന്നൊരു പാട്ടു തന്നെയില്ലേ?

അതു തോൽക്കുന്നവരെ കളിയാക്കാനുള്ളതല്ല, തോൽക്കുന്നവരെ കളിയാക്കുന്ന ആളുകളെ കളിയാക്കാനുള്ളതാണ്.

ജയിക്കുന്നവരോട് അസൂയപ്പെടാതിരിക്കുക. അർഹതപ്പെട്ടതാണ് ്വർക്ക ലഭിച്ചത്. നാളെ നമുക്കും ജയമുണ്ടാകുമ്പോൾ ആർക്കും നമ്മോടു അസൂയ തോന്നാതിരിക്കമമെങ്കിൽ, എല്ലാവരുടെയും ജയത്തിൽ നമുക്ക സന്തോഷിക്കാൻ സാധിക്കണം.

കഴിവ് എന്നൊരു ശക്തിയാണ് ജയവും പരാജയവും സൃഷ്ടിക്കുന്നത്, അതു

മനസ്സിലാക്കി നമുക്ക് മുന്നോട്ട് പോവാം.

അവന്തിക സുരേഷ്

## മാറുന്ന പരിസ്ഥിതിയും മാറ്റേണ്ടുന്ന മനോഭാവവും



ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് പരിസ്ഥിതി മലിനീകരണമാണ്. ലോകമാകെ ചർച്ച ചെയ്യപ്പെട്ടതും ഇപ്പോഴും ചർച്ച ചെയ്യുന്നതുമായ ഒരു വിഷയമാണിതെങ്കിൽ കൂടിയും വേണ്ടത്ര ഗൗരവം ഇതിനു ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ഭീഷണി ആയിക്കൊണ്ട് പാരിസ്ഥിതികപ്രശനങ്ങൾ ദിനം പ്രതി വർധിക്കുകയാണ്. പുരോഗതിയിലേക്കു ചുവടു വെച്ചുകൊണ്ടിരുന്ന മനുഷ്യർ തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കുപരിയായി മണ്ണിനെ സമീപിക്കാൻ തുടങ്ങിയപ്പോൾ ആണ് പാരിസ്ഥിതികപ്രശ്ങ്ങൾ ഉടലെടുത്തത്.

മനുഷ്യസമൂഹത്തിന്റെ അമിതമായ കൈകടത്തലുകൾ ഇല്ലാതെ പ്രകൃതിയിൽ എല്ലാ ജീവജാലങ്ങളും സമരസപ്പെട്ടു കഴിയുന്ന ആണ് പരിസ്ഥിതി എന്ന് പറയുന്നത്. ഏതൊരു ജീവിയുടെയും ജീവിതം പരിസ്ഥിതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു.പരിസ്ഥിതി ഇല്ലാതെ തനിക്കു നിലനിൽപ്പ് എല്ലാ എന്ന സത്യം ഒരു വ്യക്തി എപ്പോൾ വിസ്മരിക്കുന്നുവോ അന്ന് മുതൽ അവനു ഭൂമിയെ മലീമസമാക്കാനും സാധിക്കുന്നു.ജല -വായു-മണ്ണ് മലിനീകരണങ്ങളും പാടങ്ങളും കൃഷിസ്ഥലങ്ങളും നശിപ്പിക്കുന്നതും ഒക്കെ പരിസ്ഥിതിയുടെ സ്വാഭാവികമായ സന്തുലിതാവസ്ഥയെ തകരാറിലാക്കുന്നു .ചിന്തിക്കാനും പ്രവർത്തിക്കാനും ശേഷിയുള്ള വിദ്യാസമ്പന്നരെന്ന് അവകാശപ്പെടുന്ന മനുഷ്യവർഗം ചെയ്തുകൂട്ടുന്ന പ്രവർത്തികൾ ആണ് പരിസ്ഥിതിയുടെ ഏറ്റവും വലിയ വെല്ലുവിളി.

വികസനം പച്ചപ്പിനെ കാർന്നുതിന്നുന്ന ഈ കാലഘട്ടത്തിൽ നാം എത്തി നിൽക്കുമ്പോൾ പ്രകൃതി നമുക്ക നൽകിയ തിരിച്ചടിയെക്കുറിച്ചും നാം ബോധവാന്മാരാകേണ്ടതാണ്. ഒട്ടനവധി പേരുടെ ജീവനും ജീവിതവും ഇല്ലാതാക്കിയ പ്രളയം എന്ന മഹാവിപത്തിനെ നാം നേരിട്ടതാണ്. അതുകൊണ്ടുതന്നെ ,പരിസ്ഥി സൗഹാർദപരമായ ജീവിതമാണ് നാം മുന്നോട്ടു വയ്ക്കേണ്ടത്.ഓർക്കുക; ഈ ഭൂമിയിലെ സർവ്വചരാചരങ്ങൾക്കും വേണ്ടിയുള്ള ഭൂമിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

## കൂട്ടായ്മ കാലിക പ്രസക്തി



ആധുനിക സമൂഹം മാറ്റങ്ങൾക്ക് വിധേയമാണ്. സമൂഹത്തിൽ ഉണ്ടാകുന്ന പരിവർത്തനം എല്ലാ മേഖലയിലും ദൃശ്യമാണ്. അതിൽ ഒരു മേഖല മാത്രമാണ് കൂട്ടായ്മകൾ. ത്വരിത ഗതിയിൽ പരിവർത്തനം സംഭവിക്കുന്ന സമൂഹത്തിൽ ഒന്നിച്ച് ചേരാനുള്ള സാഹചര്യങ്ങൾ കുറവായി വരുന്നു. അതിനാൽ തന്നെ സമൂഹ വികസനത്തിൽ പ്രധാന പങ്കു വഹിക്കുന്ന കൂട്ടായ്മ അന്യം നിന്ന് പോകുന്നു. ഓരോ മനുഷ്യനും കലാ കായിക രംഗത്തേക്കുള്ള വാതിൽ തുറന്ന് വയ്ക്കുന്നത് കൂട്ടായ്മയിലൂടെയാണ്.ഇത്തരത്തിലൂടെ മാത്രമേ ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാൻ കഴിയൂ. ഓരോ സമൂഹവും ഉടലെടുക്കുന്നത് പരസ്പരം ഇടപെടലുകളിലൂടെയാണ്. ഇടപെടലുകൾ നല്ല രീതിയിലാകുന്നത്, നിയന്ത്രിക്കുന്നത് അവിടെ ഉണ്ടാകുന്ന നല്ല കൂട്ടായ്മയിലൂടെയാണ്.ഒരു പുതു തലമുറയുടെ സ്വഭാവം നിയന്ത്രിക്കുന്നത് തന്നെ ഇത്തരത്തിലുള്ള ഓരോ ഒത്തുചേരലിലൂടെയാണ്. കാരണം ഇന്നത്തെ ഈ തിരക്കേറിയ ജീവിതത്തിൽ പല കുടുംബങ്ങളും ഒറ്റപ്പെട്ടുപോവുകയാണ്. ഈ സാഹചര്യത്തിൽ നഷ്ടമാകുന്നത് പുതുതലമുറയുടെ ആശയവിനിമയമാണ്. ഈ സമൂഹത്തെ തന്നെ ബാധിക്കുന്ന കാര്യമാണ് . ഈ അവസ്ഥ മറികടക്കാൻ സമൂഹത്തിൽ വളർന്നു വരുന്ന സാമൂഹിക കൂട്ടായ്മകളെ കൊണ്ടു സാധിക്കണം. അല്ലാത്ത പക്ഷം കൂട്ടായ്മകളെ കൊണ്ടും നല്ലൊരു ഗുണം സമൂഹത്തിന് കിട്ടുകയില്ല. സദുദേശത്തോടുകൂടി ഉയർന്നുവരുന്ന കൂട്ടായ്മകളെ നെഞ്ചോടു ചേർത്ത് ഉയർത്തികൊണ്ടുവരേണ്ടത് ആ സമൂഹത്തിലെ ഓരോ വ്യക്തിയുടേയും ആവശ്യമാണ്.അതുകൊണ്ട് തന്നെ ഇത്തരത്തിൽ തിരക്കേറിയ ജീവിതത്തിൽ നമ്മളെ മനസ്സിലാക്കാനും, നമ്മളോടൊപ്പം ഉള്ളവരെ മനസ്സിലാക്കാനും, നാടിനെ മനസ്സിലാക്കാനുമുള്ള, അവസരം കൂട്ടായ്മയിലൂടെ, കിട്ടുകയാണെങ്കിൽ നമുക്ക്

ഉറപ്പിക്കാം. അത്തരത്തിലുള്ള കൂട്ടായ്മകൾ ആ സമൂഹത്തിലെ ഉയർച്ചയിൽ എത്തിക്കും അങ്ങനെയൊരു സമൂഹം നമുക്കോരോരുത്തർക്കും ആവശ്യമെങ്കിൽ നല്ല കൂട്ടായ്മയോടൊപ്പം നിൽക്കുക. അവ നാടിനോടൊപ്പം നമ്മളേയും നല്ലവരാക്കും.

( വീണ വിശ്വനാഥ്. കെ )

## നല്ല വായനയുടെ ഉത്തമമായ പ്രതീകം



ഏതുവലിയ .യാത്രയുടെയും ആരംഭം ആദ്യം വയ്ക്കുന്ന ചെറിയ ചുവടിൽ നിന്നാണ്. വായനയുടെ വിശാലമായ ലോകത്തേക്ക് എന്നെ നയിച്ചത് സ്നേഹസേനയാണ്. കുട്ടിക്കാലത്തിന്റെ മാധുരമായ ഓർമ്മയാണ് സ്നേഹസേന. സ്നേഹസേനയുടെ ഓരോതാളും ഭാവനയുടെ വലിയ ആകാശമാണ് തുറന്നു തന്നത്. നല്ല വായനയുടെ ഉത്തമമായ പ്രതീകമാണ് സ്നേഹസേന. സ്നേഹസേനയുടെ സ്ഥിരം വായനക്കാരനായ ഒരു കുട്ടി മൂല്യബോധമുള്ള ഒരു പൗരനായി വളർന്നുവരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഉറപ്പാണ് സ്നഹസേനയുടെ പ്രസക്തിയും.

സന ഗിരീഷ്

## ദൈവത്തിൻെറ സ്വന്തം നാട്




ദൈവത്തിൻെറ സ്വന്തം നാടാണ് കേരളം. ദൈവം കനിഞ്ഞനുഗ്രഹിച്ച സുന്ദരദേശം.

പ്രകൃതിയുടെ നിറപ്പകിട്ടാർന്ന കേരങ്ങളുടെ നാട്. അനുഗ്രഹങ്ങൾ നിറഞ്ഞതുകൊണ്ടുതന്നെ

നാം കേരളീയർ സ്വാർത്ഥരാണ് .പൂക്കളുടെ കനിയുരും പുഞ്ചിരി ജീവിതത്തെ മധുരിപ്പിച്ചീടുന്നു.

പ്രകൃതിയിലെ ഓരോ നിമിഷവും നമ്മെ ജീവിക്കാൻ ഉദ്ബോധിപ്പിക്കുന്നു. പടിഞ്ഞാറൻ ആകാശത്ത് സിന്ദൂരം പൂശി ചുവന്ന ഉടുപ്പണിഞ്ഞെത്തുന്ന സൂര്യൻ. നീലാകാശത്തെ മനോഹരമാകാകുന്ന പഞ്ചവർണ്ണക്കിളികൾ.

കാറ്റിൻെറ മൂകാനുരാഗത്തിൽ ആടിയുലഞ്ഞു നൃത്തം വയ്ക്കുന്ന നെൽപ്പാടങ്ങൾ. പച്ചയുടുപ്പണിഞ്ഞ പ്രകൃതിയെന്ന അമ്മ വിശുദ്ധിയുടേയും ഐസ്വര്യത്തിൻെറയും പ്രതീകമാണ്. ആ നന്മയുള്ള മനസ്സിനെ നാം മനുഷ്യർ അഘാധമായി വേദനിപ്പിച്ചു. അതിൻെറ പ്രതിഫലമായി നമുക്ക് താങ്ങാവുന്നതിനപ്പുറമായ മഹാമാരിയുണ്ടായി.അമ്മയുടെ മനസ്സ് വേദനിപ്പിട്ടുണ്ടാക്കിയ മണിമാളികകൾ നമ്മുടെ കൺമുന്നിൽ നിന്ന് നശിച്ചു. കേരളീയരെ ഞെട്ടിവിറപ്പിച്ച ഒരു വാർത്തകൂടിയായിരുന്നു അത് . പ്രളയക്കെടുതിയിൽ വലയുമ്പോഴാണ് നാം പ്രകൃതിയുടെ ശക്തി മനസ്സിലാക്കുന്നത്. ഒരു കൈകൊണ്ട് തലോടുമ്പോഴും മറു കൈകൊണ്ട് ശിക്ഷിക്കുന്ന അമ്മയാണ് പ്രകൃതി. ഉരുൾപ്പൊട്ടലും വെള്ളപ്പൊക്കവും നമ്മെ പഠിപ്പിക്കുന്നത്

എലാത്തിനെക്കാളും വലുത് മനുഷ്യരല്ല എന്നാണ്. മഹാപ്രളയം ബാക്കിവെച്ചത് വെറും നന്മയുടെ സന്ദേശം

മാത്രം . നല്ലൊരു നാളേക്കായി, നവകേരളത്തിനായി കൈകോർക്കാം.

സമൃത സുനിൽ

## പരിസ്ഥിതി സംരക്ഷണം മനുഷ്യസംരക്ഷണത്തിന്



പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധം അഭേദ്യമാണ്. അവന്റെ പാർപ്പിടം, വസ്ത്രം, ഭക്ഷണം, വിദ്യാഭ്യാസം , സംസ്കാരം, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളും എല്ലാ പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ടതാണ്. ഇതെല്ലം ഉൾക്കൊള്ളുന്ന വിശാലമായ ഒരർത്ഥം പരിസ്ഥിതി എന്ന നാലക്ഷരത്തിൽ ഒതുങ്ങിയിരിക്കുന്നു. ആകാശവും ഭൂമിയും അതിലെ സർവ്വചരാചരങ്ങളും ദൈവം സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യജീവിതം സുഖകരവും ധന്യമാക്കാനുമാണ്. ഇത്തരസൃഷ്ടികളിൽ നിന്ന് അവൻ ശ്രേഷ്ഠനായിട്ടുള്ളതും അതുകൊണ്ടുതന്നെ. ഭൂമിയിൽ ഭജനജീവിതവും അവരുടെ ആഗ്രഹാഭിലാഷങ്ങളും വർദ്ധിക്കുന്തോറും പ്രകൃതിവിഭവങ്ങളും വികസിക്കുന്നുവെന്ന് വസ്തുതയാണ്. ഈ യാഥാർഥ്യം മനസ്സിലാക്കിയിട്ടുള്ള ഒരാൾക്ക് ഒരിക്കലും തന്നെ അവന്റെ പരിസ്ഥിതി നശിപ്പിക്കാനോ മലിനമാക്കുവാനോ സാധിക്കുകയില്ല, മറിച്ച് അതിന്റെ സംരക്ഷകനായിരിക്കും അവൻ. ഭൂമിയിൽ നിങ്ങൾ നാശമുണ്ടാക്കരുത് എന്ന് ദൈവം മനുഷ്യനോട് പണ്ടേ പറഞ്ഞിട്ടുണ്ട് (ഖുർആൻ). ശുദ്ധമായവണ്ണം വായുവും വെള്ളവും നിലനിർത്തുവാനായിരിക്കും അവന്റെ പരിശ്രമം. മണ്ണ് ഒലിച്ചുപോകുന്നതും മലിനജലം കെട്ടിനിൽക്കുന്നതും മനുഷ്യന്റെ ആരോഗ്യത്തെയും നിലനില്പിനെയും ബാധിക്കുന്നു. അനേകം രോഗങ്ങളും മാറാ വ്യാധിയും കാരണമാകുന്ന കൊതുകുകളുടെ വളർത്തുകേന്ദ്രംമലിനജലമാകുന്നു. അതിന് നിവാരണമുണ്ടാക്കുന്ന പല പദ്ധതികളും പരാജയപ്പെടുന്നത് മനുഷ്യനെ ബോധവൽക്കരിക്കാത്തത് കൊണ്ടാകുന്നുവെന്ന് വേണം പറയാൻ.

മനുഷ്യശരീരത്തിന്റെ വളർച്ചയ്ക്ക് പ്രോട്ടീൻ നൽകുന്ന ആഹാരത്തിന് നാം ആശ്രയിക്കുന്നത് കന്നുകാലികളുടെ മാംസവും ചെടികളിൽ നിന്നുള്ള പഴവർഗങ്ങളുമാണല്ലോ, രോഗം പിടിച്ച കന്നുകാലികളുടെ മാംസം ഭക്ഷിച്ചും രാസവളംചേർത്ത ചെടികളിൽ നിന്നുണ്ടാകുന്ന  പഴവർഗങ്ങൾ കഴിച്ചും എത്രയെത്ര മനുഷ്യരാണ് അകാലചരമം പ്രാപിച്ചത്. എന്ഡോസള്ഫാന് കീടനാശിനിയുടെ പ്രയോഗം മൂലം അംഗവൈകല്യം സംഭവിച്ച ജനങ്ങളുടെ ഒരു പ്രദേശം കാസർക്കോട് ജില്ലയിൽ കുപ്രസിദ്ധമാണ്. അതിനാൽ ഓക്സിജനും കാർബൺ ഡൈ ഓക്സൈഡും സന്തുലിതാവസ്ഥ പ്രാപിക്കുവാനായി ചെടികൾ നട്ടുപിടിപ്പിച്ച മനുഷ്യന്റെയും കന്നുകാലികളുടെയും ആരോഗ്യകരമായ വളർച്ചയുതകുന്ന വിധം പരിസരം പരിശുദ്ധമാകാനാവശ്യമായ പ്രവർത്തനങ്ങൾ ഉർജിതമാകേണ്ടിരിക്കുന്നു. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും അത്യാവശ്യമായ ഗ്ലൂക്കോസ് സൂരയപ്രകാശത്തിലൂടെയുള്ള ചെമിക്കൽ പ്രവർത്തനങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ കൃഷിയുടെയും ചെടികളുടെയും വളർച്ചയ്ക്ക് സൂര്യപ്രകാശം എത്രത്തോളം വിലമധിക്കുന്നതാണെന്ന് പറയേണ്ടതില്ല. അതിനാൽ അതിന് തടസ്സമാകുന്ന വനങ്ങൾ വെട്ടിമാറ്റുന്നതിൽ വ്യാകുലമാകേണ്ടതുമില്ല. പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണം മനുഷ്യന്റെ സംരക്ഷണത്തിന് വേണ്ടിയാണെന്ന് സാരം. ഭൂമിയുടെ പ്രകൃതി ഭംഗി കണ്ട് ആനന്ദിച്ച മഹാകവി ഒരിക്കൽ പാടുകയുണ്ടായി.

തിരുരിൽ നിന്നുപുഴനാലുകാതം നീണ്ടും വളഞ്ഞും-

കാറ്റിൽ പെരുംപാമ്പിഴയുന്ന മട്ടിൽ പോകുന്നു

മേല്പോട്ടുതകുന്ന ചന്തം...

എന്നാൽ പ്രകൃതിയുടെ ഈ മനോഹാരിത നഷ്ടപ്പെടുത്തുന്ന ജല മലിനീകരണം മാന്യമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ഏവരെയും ദുഃഖിപ്പിക്കുന്ന സംഭവമാണ്. നാം വിശുദ്ധമെന്ന് കരുതുന്ന ഗംഗാനദിയുടെ ശുദ്ധികാരണത്തിന് ഗവണ്മെന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വാർത്തയുണ്ടായിരുന്നു. ഈ രാജ്യത്തെ മറ്റു നദികളുടെയും

ശുദ്ധികരണത്തിന് മുമ്പ് അത് മലിനമാകാതിരിക്കാൻ വേണ്ടത് ചെയ്യുകയല്ലേ അഭികാമ്യം. നദികളുടെ ഉത്ഭവകേന്ദ്രമായ മലകളിലെ കരിങ്കൽ ക്വറിയുടെ പ്രവർത്തനം ഭൂമിയുടെ സന്തുലിതാവസ്ഥ തെറ്റിക്കുമോ എന്ന ഭയപ്പെടേണ്ടിയിരിക്കുന്നു. പരിസരം മാലിനമാക്കുന്ന ഒരു പ്രധാന ഘടകമാണ് ധൂർത്ത. നാം കഴിക്കുന്ന ഭക്ഷണപാനീയങ്ങൾ അമിതമായിവരുന്ന എച്ചിലുകൾ ലാഘവത്തോടെ വലിച്ചെറിയരുത്. അത് കുഴിച്ച മൂടുകയോ കത്തിച്ചുകളയുകയോ ചെയ്യണം. ചുരുക്കത്തിൽ വെള്ളവും വായുവും മണ്ണും വൃത്തികേടാകാതെ സൂക്ഷിച്ചാൽ മനുഷ്യജീവിതത്തെ ഭീഷണിപ്പെടുത്തുന്ന പരിസ്ഥിതി മലിനീകരണത്തിൽ നിന്ന് നമുക്ക് രക്ഷ പ്രാപിക്കാം.

## മാതൃഭാഷാപഠനത്തിന്റെ ആവശ്യകത




അമ്മ എന്ന വാക്കിന് നിർവ്വചനം നൽകി തൃപ്തിയടഞ്ഞവർ ആരും ഉണ്ടാകില്ല. അത്രയ്ക്ക് അർത്ഥവും മഹനീയവുമാണ് അത്. ഒരു നിർവ്വചനത്തിന്റെയും വരികൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്നതല്ല ആവാക്കിന്റെ ഭാവാർത്ഥങ്ങൾ.മഹത്തായ എന്തിനും മാതാവിന്റെ സ്ഥാനം കൽപിക്കുന്നത് അതുകൊണ്ടാണ് .ജനിച്ച ഭൂമി മാതൃഭൂമിയും ആദ്യമായി സംസാരിച്ചു തുടങ്ങുന്ന ഭാഷ മാതൃഭാഷയുമാണ് .ഒരു കുഞ്ഞ് ജനിച്ചു വീഴുന്ന സമയം മുതൽ അവനു മുലപ്പാലിനൊപ്പം പകർന്നു കിട്ടുന്ന സമ്പത്താണ് മാതൃഭാഷ .ഏതൊരു കുട്ടിക്കും ജന്മസിദ്ധമായി ലഭിക്കുന്ന ഈ ഭാഷയെ അഭ്യസനത്തിലൂടെയും പരിശീലനത്തിലൂടെയും പരിപോഷിപ്പിക്കുകയാണ് പ്രാഥമിക വിദ്യഭ്യാസംകൊണ്ടുദ്ദേശിക്കുന്നത് .

അമ്മ പറയുന്നതു കേട്ടാണ് കുട്ടി ഭാഷപഠിക്കുന്നത്. പദങ്ങളും വാക്കുകളും ആശയങ്ങളുടെയും വസ്തുക്കളുടെയും പ്രതീകങ്ങളാണ്. ജീവിതാനുഭവങ്ങളിലൂടെ ഇത് വശഗതമാകുന്നു . മാതൃഭാഷയാണ് അതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നത് . അതിനുപകരമായി മറ്റൊന്നുമില്ല . ശിശുക്കൾക്ക് അവരുടെ മാതൃഭാഷ പെട്ടെന്നു സ്വന്തമാക്കുവാൻ ജന്മവാസനയുടേതായ പ്രേരണയുണ്ടാ . ഭാഷാപഠനം മാനസികശേഷിയെ വികസിപ്പിക്കാനുള്ള ഉപാധിയാണ് . മാതൃഭാഷയിൽ പറയുമ്പോൾ പറയുന്ന ആളിന്റെ വികാരവും അതിൽ ലയിച്ചുചേർന്നിട്ടിണ്ടാകും . അറിവിനപ്പുറമുള്ള ജീവിതാനുഭവങ്ങളും ഉണ്ടാകും .കേവലം അക്ഷരങ്ങളും അക്കങ്ങളും മാത്രം പഠിപ്പിക്കുകയല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം . വൈകാരികമായ സംയമനവും അതിൽനിന്നും ലഭിക്കണം .

വസ്തുതകളെ വസ്തുനിഷ്ഠമായി മനസ്സിലാക്കുവാനും അപഗ്രഥിക്കുവാനും കഴിയുമ്പോഴാണ് പഠനം ഫലപ്രദമാകുന്നത് .ഈ ബൗദ്ധികമായ കെൽപ് ആർജ്ജിക്കുവാൻ മാതൃഭാഷയോളം പോന്ന മറ്റൊരു മാധ്യമമില്ല .അറിവില്ലാത്ത കാര്യങ്ങളെ പറ്റി പഠിക്കാൻ ശ്രമിക്കുമ്പോഴാണ് പഠനം ആരംഭിക്കുന്നത് .ഇവിടെ അന്യബാഷയിലെ പദങ്ങളും നിയമങ്ങളും തടസ്സം സൃഷ്ടിക്കുന്നു .എന്നാൽ മാതൃഭാഷ അതു കൈവരിക്കുന്നതിനു സഹായകമായി വർത്തിക്കുന്നു .ചിന്തയാണ് എല്ലാ പ്രവർത്തനങ്ങളുടെയും വികാരങ്ങളുടെയും കേന്ദ്രം .ചിന്തിച്ചുറപ്പിക്കാത്ത ആശയങ്ങൾക്കു ദീപ്തി കുറവായിരിക്കും .ഒരു വ്യക്തിയിൽ അറിവിന്റെ ലോകം വികസിപ്പിക്കുവാൻ അയാൾക്കു പരിചിതമല്ലാത്ത ഒരു മാർഗ്ഗത്തിലൂടെയും സാധിക്കുകയില്ല .നിരന്തരമായ പരിശീലനം കൊണ്ട് ഏതു ഭാഷയും പഠിക്കാം .എന്നാൽ നമ്മുടെ മനസ്സും ചിന്തയും പ്രകടിപ്പിക്കാൻ മാതൃഭാഷയേളം വരില്ല മറ്റൊന്നും .

ഭാഷ ആശയവിനിമയത്തിനുള്ളതാണ് .ഒരാളുടെ ഹൃദയത്തിലുള്ളത് മറ്റൊരാളിലേക്ക് ഒരു തടസ്സവും കൂടാതെ പകരുന്നതിന് ജീവനുള്ള ഭാഷ വേണം .നാം മാതൃഭാഷയിൽ സംസാരിക്കുമ്പോൾ ഈ വകകൾക്കൊന്നും ഒരു കുറവും വരുന്നില്ല .മാതൃഭാഷയായിരിക്കണം പഠനമാധ്യമം എന്നു പറയുന്നതിന്റെ അടിസ്ഥാനം ഇതാണ് .ഈ വാദഗതിക്കു മനശ്ശാസ്ത്രത്തിന്റെയും വിദ്യാഭ്യാസതത്ത്വങ്ങളുടെയും പിന്തുണയുണ്ട് .

ഭാഷ ഒരു സാമൂഹിക ഉപകരണമാണ് .എന്നാൽ ആത്മഭാവങ്ങൾക്കനുസൃതമായി പൂർണ്ണതയോടെ സംവദിക്കുവാൻ മാതൃഭാഷയോളം ഫലപ്രദമായ മറ്റൊരു ഉപാധിയുമില്ല .ആത്മബന്ധങ്ങൾ രൂപംകൊള്ളുന്നത് സംഭാഷണത്തിലൂടെയാണെന്ന് കാളിദാസനും കുമാരനാശാനും സ്ഥാപിച്ചിട്ടുണ്ട് .ഉള്ളുകാട്ടുവാൻ ഭാഷപോലും അപൂർണ്ണമാണെന്ന് ആശാന്റെ വിലാപം പോലും മാതൃഭാഷയെ തൊട്ടുനിന്നുകൊണ്ടാണെന്നു മനസ്സിലാക്കണം . “ചെമ്മേ സ്വഭാഷയിൽ സംസാരിക്കുന്നതാണ് അമ്മ വിളമ്പിത്തരുന്ന ഭോജ്യം,മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ,മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ",എന്ന മഹാകവി

വള്ളത്തോളിന്റെ വാക്കുകളിലെ സത്യം കാണാതെ പോകുന്നത് ശരിയല്ല .

സ്വന്തം പൈതൃകവും സംസ്കാരവും മറന്നുകൊണ്ടുള്ള വിദ്യാഭ്യാസ സംമ്പ്രദായം മൂല്യച്യുതിയുള്ള , പാപ്പരത്തമുള്ള ഒരു തലമുറയെ സൃഷ്ടിക്കാനേ സഹായിക്കൂ . മാതൃഭാഷാപഠനം മൂല്യബോധങ്ങൾക്കു കരുത്താകുന്നു . പുതിയതലമുറയുടെ സാംസ്കാരികമായ അധഃപ്പതനത്തിനു കാരണം പിറന്ന മണ്ണിനെ മറന്നുകൊണ്ടുള്ള വിദ്യാഭ്യാസരീതിയാണ് .ഇതു മനസ്സിലാക്കി ഭാവി തലമുറയെ നമ്മുടെ പാരമ്പര്യത്തിൽ കൂറുള്ളവരാക്കിത്തീർക്കാൻ മാതൃഭാഷയിലുള്ള വിദ്യാഭ്യാസം അനിവാര്യമാണ് .എങ്കിൽ മാത്രമേ കുടുംബവും സമൂഹവും രാഷ്ട്രവും സാംസ്കാരികമായ ക്ഷേമത്തിൽ പുലരുകയുള്ളൂ .

മാതൃഭാഷയെ ബഹുമാനിക്കാനും സ്നേഹിക്കാനും തയ്യാറല്ലാത്ത ഒരു സമൂഹത്തെ നപുമസകങ്ങളായേ മറ്റുള്ളവർ കരുതുകയുള്ളൂ .ഒരു ജനതയുടെ സ്വത്വം കുടികൊള്ളുന്നത് അവന്റെ കലാ-സാംസ്കാരിക-സാഹിത്യമേഖലകളിലാണ് .ആ മേഖലയെ തകർത്താൽ ആ സമൂഹം ഇല്ലാതാകും .ചരിത്രസത്യമാണിത് .ഈ മേഖലയെ പിടിച്ചു നിർത്തുന്നത് മാതൃഭാഷയുടെ ജീവൻ തന്നെയാണ് .അതില്ലാതായാൽ ,അവമതിക്കപ്പെട്ടാൽ പിന്നൊന്നുമില്ലെന്ന കാര്യം ഓർത്തുകൊള്ളുക .ആയതിനാൽ മാതൃഭാഷാപഠനം അനിവാര്യമാണെന്നു നാം തിരിച്ചറിയണം .

അമിത സുഗതൻ

## ഉദിച്ചുയരട്ടെയെൻ മലയാളം




ഹൃദയതപസ്സിലെ ചന്ദ്രപ്രഭയായി, മനുഷ്യാത്മാവലെ മൃദുസ്വരമായി മാതൃഭാഷ നിലകൊള്ളുമ്പോൾ അവിടെ രൂപപ്പെടുന്നത് ഒരിക്കലും നശിക്കാത്ത തനതുസംസ്കാരമാണ്. മാനവസംസ്കാരത്തിന്റെ രീതിശാസ്ത്രങ്ങളെ ചിട്ടപ്പെടുത്തുന്നതിൽ മാതൃഭാഷയ്ക്ക് അദ്വിതീയ സ്ഥാനവും അനൽപ്പമായ പങ്കുമുണ്ട്. ഒരു ജനതയുടെ സ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും മുദ്രയും ജീവിതവ്യവഹാരത്തിന്റെയും ആത്മാവിഷ്ക്കാരത്തിന്റെയും മുഖ്യോപാധിയുമാണ് മാതൃഭാഷ, കേവലം ആശയവിനിമയോപാധി മാത്രമല്ല. സംസ്ക്കാരം ഭാഷയിൽ അന്തർലീനമായിരിക്കുന്നു. ഭാഷ കൈവെടിയുമ്പോൾ ശിഥിലമാകുന്നതുംനഷ്ടപ്പെടുന്നതും പിറന്ന മണ്ണിന്റെ മണമുള്ള തദ്ദേശിയ സംസ്കാരം കൂടിയാണ്. നമ്മുടെ തനതായ ഗ്രാമീണചാരുതകളുടെയും ശൈശവത്തിന് മധുരമായ ഒരു താരാട്ടുപാട്ട പോലെ സുരക്ഷിതബോധവും ബാല്യത്തിലെ മുറിവിന് അമ്മയേകിയ ലോലചുംബനമെന്ന പോലെ സാന്ത്വനവും മാമ്പൂമണവും പുതുമഴയും നൽകുംപോലൊരു ആനന്ദവുമരുളുന്ന മമതാബന്ധങ്ങളുടെയും അമരസ്മൃതിയും അമൃതമാധുര്യവും മാതൃഭാഷ ഒരുവന് നൽകുന്നു - ഒറ്റവാക്കിൽ മാതൃഭാഷ ഗൃഹാതുരതയുടെ മൃദുസ്പർശവും അടയാളസ്വരവുമാണ്.

കേരളത്തിൽ മലയാളത്തിന്റെ മരണമണി മുഴങ്ങാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. മാതൃഭാഷയും മനുഷ്യനും തമ്മിലുള്ള ദൃഢവും ഗാഢവുമായ ബന്ധത്തെ സൗകര്യപൂർവ്വം ആധുനികമളയാളി മറക്കുകയാണ്; മലയാളത്തെ നിഷ്കരുണം തള്ളിമാറ്റുകയാണ്, തങ്ങളുടെ ജീവിതത്തിൽ നിന്ന്. വൃദ്ധസദനത്തിന്റെ ഇരുമുറികൾക്കും കനത്ത മതിൽക്കെട്ടുകൾക്കുമിടയിൽ മാതാപിതാക്കളെ കൊണ്ടെത്തിക്കുന്ന മലയാളി മാതൃഭാഷയ്ക്ക് എന്തു പ്രാധാന്യമാണ് നൽകുക. ഭൗതികനേട്ടങ്ങളുടെ വർണപ്പൊലിമയിൽ കണ്ണുകാണാതായ മലയാളിക്ക് മാതൃഭാഷയും മാതാപിതാക്കളും ഇനിയൊരിക്കലും അനിവാര്യതയല്ലേ ? അന്യഭാഷയായ ഇംഗ്ലീഷിന്റെയും മറ്റും പിന്നാലെ മലയാളി പോകുമ്പോൾ അവിടെ തേജോവധം

ചെയ്യപ്പെടുന്നത് മാതൃഭാഷയായ മലയാളമാണ്, മിണ്ടിത്തുടങ്ങാൻ ശ്രമിക്കുമ്പോൾ മുതൽ നമ്മുടെ ചുണ്ടുകളിൽ അമ്മിഞ്ഞപ്പാലോടൊപ്പം തത്തിക്കളിച്ച അതേ അമ്മ മലയാളം. മലയാളഭാഷയോട് ആധുനികമലയാളി സമൂഹം കാട്ടുന്ന അനാഭിമുഖ്യം തികച്ചും ആശങ്കാജനകവും ആത്മഹത്യാപരവുമാണ്. ദൃശ്യമാധ്യമങ്ങൾ ഇളം തലമുറയെ മാതൃഭാഷയിൽ നിന്നും അകറ്റുന്നത് ഉത്കണ്ഠയ്ക്ക് വഴിവയ്ക്കുന്നു. മലയാളം ഇംഗ്ലീഷ്ചുവയാർന്നു സംസാരിക്കുന്നത് യഥാർത്ഥത്തിൽ നമ്മെ 'ഹൈ ക്ലാസ്സാ' ക്കുന്നില്ല. മറിച്ച് ആ വൈകൃതങ്ങൾ നമ്മെ കപടമാന്യതയുടെയും കൃത്രിമസംസ്കാരത്തിന്റെയും കുഴലൂത്തുകാരാക്കുന്നു. മലയാളത്തെ ഇംഗ്ലീഷാക്കുന്നവർ നിരത്തുന്ന മുടന്തുന്യായമായ കാലത്തിനൊപ്പം സഞ്ചരിച്ച് മാറ്റങ്ങളെ ഉൾക്കൊള്ളണമെന്നതിൽ യാതൊരു കഴമ്പുമില്ലെന്നതാണ് പരമമായ സത്യം. മലയാളത്തിൽ ഐഡിയാസ് എഅമിത സുഗതൻക്സ്പ്രസ് ചെയ്യാൻ വല്യ 'ഡിഫിക്കൽറ്റി' തോന്നുന്നവരുടെയും 'മലയാലം കൊരച്ച് കൊരച്ച് അരിയുന്നതിൽ' അഭിമാനിക്കുന്നവരുടെയും കുട്ടിക്ക് 'മലയാളത്തിലുണ്ടായ പരാജയം' വാനോളം വാഴ്ത്തിപ്പാടുന്ന അച്ഛനമ്മമാരുടെയും 'ഫ്ലുവന്റായി' മലയാളം സംസാരിക്കാൻ സാധിക്കാത്തതിൽ നിരാശപ്പെടുന്നവരുടെയും 'കൺട്രി ലാംഗ്വേജ്' എന്ന് മലയാളത്തെ മുദ്രകുത്തുന്നവരുടെയും സ്വന്തം നാടായി കേരളം മാറിയിരിക്കുന്നു. ഈ മണ്ണിൽ മലയാളം ജീവിക്കണോ മരിക്കണോ എന്ന് നിശ്ചയിക്കേണ്ടതും തീരുമാനിക്കേണ്ടതും മലയാളികൾ തന്നെയാണ്. മലയാളത്തെ ആംഗലേയ രീതിയിൽ ഉച്ചരിക്കുന്നത് മാന്യതയായി കരുതുന്നതിൽ അർത്ഥമില്ല. ഇന്നത്തെ മലയാളിയുടെ ഉച്ചാരണം കേൾക്കുമ്പോൾ അവരെ മനം നൊന്ത് ശപിക്കാൻ പോലും പ്രേരിപ്പിച്ചേക്കാം. മാതൃഭാഷയായ മലയാളത്തിലെ അക്ഷരങ്ങൾ സ്ഫുടമായി ഉച്ചരിക്കാൻ കഴിയാത്തവരായി മലയാളികൾ മാറിപ്പോയിരിക്കുന്നുവെന്നത് ആശങ്കയുളവാക്കുന്നു. ജീവിതം ഉപരിതലങ്ങൾ മാത്രമാവുകയും ഭാഷ ഫങ്ഷനൽ ലാംഗ്വേജായി മാറുകയും ചെയ്ത പുതിയകാലത്ത് മലയാളഭാഷ നേരിടുന്ന ക്ലേശങ്ങൾ യാദൃശ്ചികവും സ്വാഭാവികവുമാണെന്നോർത്ത് ഭാഷാസ്നേഹികൾ സമാധാനിക്കേണ്ട അവസ്ഥയാണ് സമാഗതമായിരിക്കുന്നത്. മലയാളമറിയാത്ത മലയാളിയെന്ന അകംപൊള്ളയായ

അഭിമാനംകൊള്ളൽ കേരളീയരുടെ സാമൂഹിക ബോധത്തെ വ്രണിതമാക്കുന്നു.

മലയാളഭാഷ അസംഗമമായിത്തീരുന്നത് മലയാളികൾ മലയാളത്തോട് കാട്ടുന്ന നിസ്സംഗത്വം കാരണമാണ്. മാതൃഭാഷാപഠനം ജലരേഖയായിത്തീരുന്ന കാഴ്ച്ചയാണിന്ന് കാണുന്നത്. മലയാളി തന്നെ മലയാളത്തെ മറക്കുന്നു എന്നതിന്റെ തെളിവാണ് ഏതു മലയാളിക്കും സ്വന്തം ഭാഷ പഠിക്കാതെ ബിരുദധാരിയാകാമെന്ന സ്ഥിതിവിശേഷം. ലോകമാധ്യമമായ ഇംഗ്ലീഷ് പഠിക്കുന്നതിലൂടെ മികച്ച ഭാവിയുടെ വാതായനങ്ങൾ തുറക്കപ്പെടുമെന്ന സ്ഥിതിവിശേഷം മലയാളത്തെ പടിക്കു പുറത്താക്കുന്നതിനുള്ള ന്യായങ്ങളാകുന്നില്ല. നമ്മുടെ ക്ഷമാപണവും നന്ദിപറയലും ഇംഗ്ലീഷിലാക്കുന്നത് നമ്മുടെ ശീലമായിക്കഴിഞ്ഞു. മാതൃഭാഷ നമ്മിൽ നിന്നും അന്യം നിന്നുപോകുന്നതിന് തെളിവാണ് പാശ്ചാത്യസംസ്കാരത്തോടുള്ള അനുകരണഭ്രമം. ജ്ഞാനപീഠം കയറിയ, ശ്രേഷ്ഠഭാഷാ പദവിക്കടുത്തു നിൽക്കുന്ന ഒരു ഭാഷ പ്രത്യേക പരിഗണനയും പരിപോഷണവും ജനങ്ങളുടെ അംഗീകാരവും അർഹിക്കുന്നുവെന്നത് നാണക്കേടുതന്നെ. ആദിമകാവ്യവും പഞ്ചമവേദവും നീതിപ്പൊരുളും ഉപനിഷത്തും പാടിക്കേൾപ്പിച്ച മലയാളത്തിന് ഏത് ഗഹനാശയത്തെയും അവതരിപ്പിക്കാനുള്ള പാടവമുണ്ട്. അതുകൊണ്ടുതന്നെ മലയാളം എങ്ങനെ രണ്ടാം തരമായിത്തീരും? മലയാളമിത്രയേറെ പ്രധാനമായതു കൊണ്ട് മറ്റു ഭാഷകൾ അപ്രധാനമാകുന്നില്ലെന്നത് മറ്റൊരു സത്യം.

നവീനമായ വിജ്ഞാനമേഖലകൾ മലയാളത്തിലൂടെ അവതരിപ്പിച്ചും മലയാളസാഹിത്യത്തെക്കുറിച്ച് അടുത്തറിഞ്ഞും മാതൃഭാഷാപഠനം സമഗ്രവും സാർവത്രികവുമാക്കിയും മലയാളത്തെ ജീവൽഭാഷയാക്കിത്തീർക്കാം.

'എന്നുടെ ഭാഷ താൻ എൻ തറവാട്ടമ്മ അന്യയാം ഭാഷ വിരുന്നുകാരി' എന്ന് വള്ളത്തോൾ ഓർമ്മിപ്പിച്ചത് ഇന്ന് അന്വർത്ഥമായിരിക്കുന്നു. മറ്റൊരു നാട്ടിലെ വെണ്ണയ്ക്കും റൊട്ടിക്കും വേണ്ടി മാതൃഭാഷയെ പണയം വെയ്ക്കുന്ന പുതുതലമുറ പൊക്കിൾക്കൊടി ബന്ധമറ്റവരാണെന്ന് ഒ.എൻ.വിയുടെ ദർശനം ഇന്ന്

ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. എങ്കിലും വൈലോപ്പിള്ളി ആഗ്രഹിച്ചതുപോലെ ഗ്രാമത്തിൻ വെളിച്ചവും മണവും മമതയും ഇത്തിരി കൊന്നപ്പൂവും നമുക്ക് കാത്തുസൂക്ഷിച്ചിടാം. മമ്മിയെന്നല്ല അമ്മയെന്ന വിളികേട്ട് പരലോകം പൂക്കാനുള്ള ഭാഗ്യം നമ്മുടെ അമ്മമാർക്കേകാം. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ" എന്ന ഭാഷാസ്നേഹപരമായ കർത്തവ്യം പരിപൂർണമായി നിറവേറ്റാൻ ഓരോ മലയാളിയും പരിശ്രമിക്കേണ്ടതുണ്ട്. പിറന്നാളിന്

മാത്രം ഓർക്കുകയും ഉണർത്തപ്പെടുകയും ചെയ്യേണ്ട അമ്മയല്ല മലയാളം. മാതാവിന്റെ വാത്സല്യവും പിതാവിന്റെ രക്ഷകഭാവവും ഗുരുവിന്റെ മാർഗദർശനവും സ്നേഹിതന്റെ സൗഹൃദവും നമുക്ക് പ്രധാനം ചെയ്യുന്ന അമ്മമലയാളത്തെ ആധുനികതയുടെ ചിറകിലേറി വളർച്ചയുടെ ആകാശത്ത് പറക്കുന്ന അഭിനവമലയാളി മറക്കാതിരിക്കട്ടെ. മലയാളത്തിന്റെ നിലനിൽപ്പാകുന്ന സൗഭാഗ്യനക്ഷത്രം ഉദിച്ചുയരുമോ അസ്തമിച്ചുമറയുമോ? ഉദിച്ചുയരുമെന്ന പ്രതീക്ഷയോടെ ഭാഷയെയും സംസ്കാരത്തേയും കാക്കാൻ കണ്ണിമചിമ്മാതെ ഉണർന്നിരിക്കാം. മലയാളഭാഷയെ കൈയൊഴിക്കാതെ സ്നേഹിച്ച്, മലയാളം നമ്മുടെ അഭിമാനമാണെന്ന് തിരിച്ചറിഞ്ഞ് ആത്മബോധവും ആത്മവിശ്വാസവും ആത്മാഭിമാനവുമുള്ള ഒരു കേരളജനത ഉണ്ടാകുമെന്ന ശുഭപ്രതീക്ഷയോടെ..............

മലയാളം വകുപ്പ്

സേക്രഡ് ഹാർട്ട് ഗേൾസ് സ്കൂൾ തലശ്ശേരി

## ഉദ്ധരണികൾ

- അനുഭവത്തേക്കാൾ വലിയൊരു പാഠവും ജീവിതത്തേക്കാൾ വലിയൊരു വിദ്യാലയവും ഈ ഭൂമിയിലില്ല.
- സഹിക്കാൻ പറ്റില്ലെന്ന് കരുതുന്നതെന്തും സഹിക്കാൻ പഠിപ്പിക്കുന്നതൊന്നേയുള്ളൂ അതാണ് സാഹചര്യം...
- നിന്റെ ഉയർച്ചയിൽ നീ ആരാണെന്നും നിന്റെ സുഹൃത്തുക്കൾ അറിയും നിന്റെ തകർച്ചയിൽ നിന്റെ സുഹൃത്തുക്കൾ ആരൊക്കെയാണെന്ന് നീയും അറിയും.
- ഉപദേശങ്ങൾ ആരിൽ നിന്നു വേണമെങ്കിലും സ്വീകരിക്കാം പക്ഷേ, തീരുമാനങ്ങൾ നിങ്ങളുടേതായിരിക്കണം.
- തെറ്റായപാതയിലൂടെ കൂടുതൽ ആളുകളുമൊന്നിച്ച് നടക്കുന്നതിനാക്കാൾനലിലത്, ശരിയായ പാതയിലൂടെ തനിച്ച് നടക്കുന്നതാണ്.
- നമ്മോട് ചിരിക്കുന്നവരെല്ലാം നമ്മുടെ കൂട്ടുകാരല്ല, ഏതവസ്ഥയിലും നമ്മെ ചിരിപ്പിക്കാൻ കൂടെ നിൽക്കുന്നവരാണ് നമ്മുടെ കൂട്ടുകാർ.
- സങ്കടങ്ങൾ മനസ്സിൽ നിറയുമ്പോഴും കണ്ണുകൾ തുളുമ്പാതെ  പുഞ്ചിരിച്ചു നിൽക്കുന്ന മനസ്സിനെ ആർക്കും ഒരിക്കലും തോൽപ്പിക്കാനാവില്ല.
- ഒരിക്കലും മായാത്ത പൂ പോലെ, ആരും പറയാത്ത കഥ പോലെ, ഇതുവരെ കാണാത്ത സ്വപ്നം പോലെ എന്നും എപ്പോഴും മായാതെ നിൽക്കട്ടെ നമ്മുടെ

സൗഹൃദം...

- എപ്പോഴും ചിരിക്കുന്ന മുഖങ്ങളിൽ ദുഃഖങ്ങളില്ലെന്ന് ധരിക്കരുത്, ദുഃഖങ്ങളെ കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്.

- സൂര്യപ്രകാശം പകലായ് ഭൂമിയിലേക്ക് പടരുന്നതു പോലെ മനുഷ്യരിലെ ഹൃദയത്തിന്റെ നന്മ ചെറുപുഞ്ചിരിയായ് മറ്റുള്ളവരിലേക്കും നിറയട്ടെ.

- കാണുമ്പോൾ ചിരിക്കുന്നതല്ല, കാണാതിരിക്കുമ്പോൾ ഓർക്കുന്നതാണ് സ്നേഹം.

- ഉറച്ച തീരുമാനത്തോടെ എഴുന്നേൽക്കുക, തികഞ്ഞ സംതൃപ്തിയോടെ ഉറങ്ങുക.

- സ്വപ്നം കണ്ട ജീവിതം വെറുതെ ആണെന്ന് എപ്പോൾ തോന്നി തുടങ്ങുന്നുവോ, അവിടെ നിന്നാണ് യഥാർത്ഥ ജീവിതം തുടങ്ങുന്നത്.!

- തിരി തെളിയിക്കാൻ എളുപ്പമാണ്.എന്നാൽ അത് അണയാതെ സൂക്ഷിക്കാനാണ് പ്രയാസം. ചില ബന്ധങ്ങളെ പോലെ...

- വാക്ക് ഒരു മൂർച്ചമേറിയ കത്തി പോലെയാണ്. അത് തമാശയിൽ കുത്തിയാലും ദേശ്യത്തിൽ കുത്തിയാലും മുറിയും....

- വിശ്വാസത്തോടെമുറികെപ്പിടിക്കാൻ കൈകളുണ്ടാകുമ്പോഴാണ് ആശ്വാസത്തോടെ നടക്കുവാൻ കഴിയുന്ന കാലുകളുണ്ടാകുന്നതും.

- യോഗമില്ലെന്ന് കരുതി മാറി നിൽക്കുന്നവരെല്ല, നേടിയെടുക്കണം എന്ന് കരുതി മുന്നോട്ടു കുതിക്കുന്നവർ മാത്രമേ ലോകത്ത് എന്തെങ്കിലും നേടിയിട്ടുള്ളു.

- നീ ചെയ്യുന്നത് ശരിയാണ് െന്ന തോന്നൽ നിനക്ക് ഉള്ളത് വരെ നിന്റെ മനസ്സിനെ തകർക്കാൻ ആരെക്കൊണ്ടും ആവില്ല.

➔ ചില സമയങ്ങളിൽ ഒറ്റക്കിരുന്ന് കരയുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് സങ്കടങ്ങൾ ഉള്ളിലൊതുക്കി മറ്റുള്ളവരുടെ മുൻപിൽചിരിക്കാൻ....

➔ ഇലത്തുമ്പുകളിൽ വീഴുന്ന മഴയുടെ സംഗീതംപോലെ വിശുദ്ധമാണ് ഹൃദയ തന്ത്രികളിൽ നിന്നുയരുന്ന സൗഹൃദയത്തിന്റെ സംഗീതം..

➔ സ്വന്തം കഴിവിലുള്ള വിശ്വാസമാണ്  വിജയത്തിലേക്കുള്ള ആദ്യ ചുവട്.

➔ ചോദ്യം ചെയ്യാതെ വികാരങ്ങൾക്ക് കീഴടങ്ങുക എന്നതാണ് ഏറ്റവും വലിയ അടിമത്വം.

➔ നാം നമ്മുടെ പ്രവർത്തികളെ തീരുമാനിക്കുന്നു. നമ്മുടെ പ്രവർത്തി നമ്മെയും.

➔ ദു;ഖങ്ങളിലേക്ക് നോക്കുന്നതിന് പകരം അനുഗ്രഹങ്ങളിലേക്ക് നോക്കുക നിങ്ങൾക്ക് സന്തോഷം കണ്ടെത്താം.

➔ ഹൃദയത്തിന് മുറിവേൽപ്പിക്കാൻ ചിലപ്പോൾ ഒരു നിമിഷം മതി,എന്നാൽ ആ മുറിവുണക്കാൻ ചിലപ്പാൽ ജീവിതകാലം മുഴുവൻ മതിയാവില്ല.

➔ മറ്റുള്ളവർ നിങ്ങൾക്കു നേരെ കല്ലെറിയുന്നെങ്കിൽ നിങ്ങൾ അവയെ നാഴികക്കല്ലുകലായി മാറ്റുക.

➔ മനുഷ്യരെ എല്ലായിടത്തും കണ്ടേക്കാം, എന്നാൽ അവിടെയൊന്നും മനുഷ്യത്വവും കാണണമെന്നില്ല.

➔ കണ്ട സ്വപ്നവും ജീവിതവും വല്ലാത്ത അകലമാണ് ഭൂമിയും ആകാശവും പോലെ.

➔ നമുക്കുള്ള ഏക പരിധി അതു നമ്മുടെ മനസ്സുമാത്രമാണ്.

➔ പ്രതീക്ഷിച്ച ജീവിതം ഈ ലോകത്ത് എല്ലാവർക്കും കിട്ടുന്നില്ല, എങ്കിലും പ്രതീക്ഷകൾ ഇല്ലാതെ ആരും ജീവിക്കുന്നമില്ല...

➔ ചെറിയ വാശികൾ ആരേയും തോൽപ്പിക്കനമല്ല ജയിക്കാനമല്ല. സ്വന്തം നിലപാടിൽ ജീവിക്കാനാണ്.

➔ തോൽക്കാനുള്ള മനസ്സുമായി വാണം ജീവിതം എന്ന മത്സരം കളിക്കാൻ.

➔ നമ്മുടെ ജീവിതമെന്ന് നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ്.

➔ ശത്രുവിനോട് ദയ കാട്ടരുത്, ദയയിൽ നിന്നും കൂടുതൽ കരുത്തുനേടിയ ശത്രു വീണ്ടും നേരിടുമ്പോൾ അജയ്യനാകും!

➔ ശത്രുവിനെ പോലും സുഹൃത്താക്കി മാറ്റുവാനുള്ള ശക്തി സ്നേഹത്തിന് മാത്രമേയുള്ളൂ.

# ഓസ്കർ വിശേഷങ്ങൾ

**താഴോട്ട്**

1)മികച്ച വിദേശഭാഷാ ചിത്രത്തിനുള്ള ഓസ്കർ ഏറ്റവുമധികം തവണ സ്വന്തമാക്കിയ രാജ്യം.

2)ഏറ്റവും അധികം ഓസ്കർ നോമിനേഷനുകളും പുരസ്കാരങ്ങളും ലഭിച്ച വ്യക്തി.

4)മികച്ച ചിത്രത്തിനുള്ള ഓസ്കർ നേടുന്ന ആദ്യത്തെ ബ്രിട്ടീഷ് ചിത്രം.

6)പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വോൾഫ്ഗാങ് അമേഡ്യൂസ് മോസാർട്ട് എന്ന പ്രശസ്ത്ത സംഗീതജ്ഞന്റെ സാങ്കൽപിക ജീവിതകഥ പറയുന്ന ചിത്രം.

7)മികച്ച നടനുള്ള ഓസ്കർ ഏറ്റവുമധികം തവണ നേടിയതാര്?

8)നാല് ഓസ്കർ നേടിയ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടതിൽ മുമ്പിൽ നിൽക്കുന്നതാര്?

**വലത്തോട്ട്**

3)ആദ്യമായി ഒരു നടനുള്ള ഓസ്കർ പുരസ്കാരം നിരസിച്ച ചിത്രം.

5)മികച്ച സിനിമയ്ക്കുള്ള ആദ്യത്തെ ഓസ്കർ സ്വന്തമാക്കിയ നിശ്ശബ്ദ യുദ്ധസിനിമ.

| | | | | | |
|---|---|---|---|---|---|
| 1. ഇ | * ** | 3 . പാ | റ്റ | ൺ | * ** |
| റ്റ | 7 . ഡാ | * ** | * ** | * ** | 8 . കാ |
| ലി | നി | 5 . വി | ങ് | സ് | ത |
| * ** | യേ | * ** | 2 . വാ | * ** | റി |
| 6. അ | ൽ | * ** | ശ് | 4 . ഹാം | ൻ |
| മേ | ഡേ | * ** | ട്ട് | ലെ | ഹെ |

| | | | | | |
|---|---|---|---|---|---|
| ഡ്യൂ | ല്യൂ | * ** | ഡി | റ്റ് | പ് |
| സ് | യി | * ** | സ് | * ** | ബേ |
| * ** | സ് | * ** | നി | * ** | ൺ |

## കുസൃതി ചോദ്യങ്ങൾ




1) നിത്യവും കുളിക്കും, ഞാൻ നിത്യവും മഞ്ഞളിൽ നീരാടും, എന്നിട്ടും കറുത്ത് കാക്കയെ പോലെ.

ഉ; അമ്മിക്കല്ല്

2) വെള്ളത്തിൽ പിറന്ന്, വെള്ളത്തിൽ വളർന്ന്, വായുവിൽ പറന്ന്.

ഉ; കൊതുക്

3) ഉള്ളിൽ അറബിക്കടൽ, അതിന് മേലെ വെള്ളിത്തകിട്,അതിന് മേലെ പൊന്നിൻ തകിട്,

ചുറ്റിലും പൊന്തം പൊന്തം.

ഉ;തേങ്ങ

4) കലഹത്തിൽ മുമ്പൻ പകയിൽ പിമ്പൻ

ഉ;'ക' എന്ന അക്ഷരം

5)"വെള്ളം കുടിയൻ

കുടവയറൻ വയറങ്ങ്

പൊട്ടിയാൽ പിന്നെ

താമസം ചേറിൽ..........."

ഉ;മൺകുടം

6)മുറ്റത്തെ ചെപ്പിനടപ്പില്ല

ഉ;കിണർ

7)കുടിൽ തൊട്ട് കൊട്ടാരം വരെ പ്രവേശനം, സ്വാതന്ത്ര്യം കൂടിയാലും കുഴപ്പം കുറഞ്ഞാലും കുഴപ്പം

ഉ;ഉപ്പ്

8)ചെറുതിരിയൊന്നിൽ ചെറുമണിയേറെ......

ഉ;കുരുമുളക്

9)ഞാൻ നോക്കിയാൽ എന്നെ നോക്കും . ഞാൻ ചിരിച്ചാൽ അവനും ചിരിക്കും.

ഉ;കണ്ണാടി

10)പൂട്ടാനെല്പ്പം തുറക്കാൻ പ്രയാസം

ഉ;തൊട്ടാവാടിച്ചെടി

11) കാലിൽ പിടിച്ചാൽ തോളിൽ കയറും....

ഉ;കുട

12) ആനയെ കെട്ടാൻ തടിയുണ്ട്, പക്ഷെ ജീരകം പൊതിയാൻ ഇല ഇല്ല ....

ഉ;പുളി മരം

13)മുള്ളുണ്ട് മുരിക്കില്ല .... പാലുണ്ട് പശുവില്ല .....വാലുണ്ട് വാനരനല്ല.......

ആലുണ്ട് പട്ടമല്ല......

ഉ;ചക്ക

14)ഒരമ്മ പെറ്റതെല്ലാം വെള്ളപട്ടാളം

ഉ;ചിതൽ

കൂട്ടുകാർക്ക് ഇത് ഇഷ്ടപ്പെട്ടുവെന്നു കരുതുന്നു. ഇനി ഞാൻ നിങ്ങൾക്ക് ചെറിയ ഒരു ചോദ്യം തരാം, കണ്ടുപിടിക്കൂ..........

15)ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാർ.

ഉ: ???????

# ചിത്രശാല






Happy
Independence Day
Namitha Sreekumar









നമ്രത ശ്രീകുമാർ

# നന്ദി.....